# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മാറാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2021-2022

# കേരള സംസ്ഥാന ഓഡിറ്റ വകുപ്പ
# ജില്ലാ ഓഡിറ്റ് കാര്യാലയം
# എറണാകുളം-682030

**ഇ-മെയിൽ: doekm.ksad@kerala.gov.in**

**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി14)-299/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 17/04/2023
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറാടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാറാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള

തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി14)-299/23 തീയ്യതി: 17/04/2023

# എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്

അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 03-03-2023 | 09-03-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2023 | 09-03-2023 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിജയകുമാർ എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
വിജു എം.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
സ്വപ്ന വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഒ പി ബേബി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സുധീർ ബി | സെക്രട്ടറി | 01-04-2021 | 22-09-2021 |
| അനിമോൾ കെ | സെക്രട്ടറി | 23-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ബിനോയ് മത്തായി | അസി: സെക്രട്ടറി | 01-04-2021 | 31-03-2022 |
| എൽദോസ് എബ്രഹാം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| മാക്സ് വെൽ കെ സി | അസി :എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| അമർലാൽ കെ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2021 | 31-03-2022 |
| അമ്പിളി പി നായർ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2021 | 31-03-2022 |
| മിനിമോൾ വി എൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| മനോജ് | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| വീണ സി ഫിലിപ്പ് | വെറ്റേറിനറി സർജൻ | 01-04-2021 | 14-11-2021 |
| ഷീന ജോസഫ് | വെറ്റേറിനറി സർജൻ | 15-11-2021 | 31-03-2022 |
| ശോഭ പി ജി | വി ഇ ഒ,മാറാടി ഈസ്റ്റ് | 01-04-2021 | 13-08-2021 |
| അജയൻ പി എസ് | വി ഇ ഒ,മാറാടി ഈസ്റ്റ് | 14-08-2021 | 31-03-2022 |
| കുട്ടൻ ആർ എം | വി ഇ ഒ,മാറാടി വെസ്റ്റ് | 01-04-2021 | 07-02-2022 |
| ഒഴിവ് | വി ഇ ഒ,മാറാടി വെസ്റ്റ് | 08-02-2022 | 31-03-2022 |

| | | | |
|---|---|---|---|
| തരുണി എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 23-11-2021 |
| ഹുമൈബാൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 24-11-2021 | 31-03-2022 |
| സുപ്രിയാദേവി എസ് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-11 |
| 13 | വാടക-റൈറ്റ് ഓഫ് വിവരങ്ങൾ ലഭ്യമായിട്ടില്ല | 1-12 |
| 14 | തൊഴിൽ നികുതി -അപാകതകൾ | 1-13 |
| 15 | വാർഷിക വാടകയിൽ ജി എസ് ടി ഈടാക്കിയില്ല | 1-14 |

| | | |
|---|---|---|
| 16 | എസ്.സി വർക്ക് ഷെഡ് വാടക കുടിശ്ശിക-630205/-രൂപ നിലനിൽക്കുന്നു | 1-15 |
| 17 | സാമൂഹ്യസുരക്ഷാപെൻഷൻ -അപാകതകൾ തുടരുന്നു | 1-16 |
| 18 | മണൽ വിൽപ്പന-കുടിശ്ശിക തുക ഈടാക്കിയിട്ടില്ല | 1-17 |
| 19 | ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റൽ- സർക്കാർ നിർദ്ദേശമില്ലാതെ ചെലവ് നടത്തി | 1-18 |
| 20 | ഡി.സി.സി.പ്രവർത്തനങ്ങൾക്കായി നൽകിയ മുൻകൂർ തീർപ്പാക്കിയതിന്റെ വിവരങ്ങളില്ല-85000/- രൂപ തടസ്സം | 1-19 |
| 21 | നഴ്സറി സ്കൂൾ ടീച്ചർ നിയമനം-സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ് | 1-20 |
| 22 | ക്യാൻസർ നിയന്ത്രണ പരിപാടി - പരിശോധനാ സംവിധാനം ആരംഭിച്ചില്ല | 1-21 |
| 23 | പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ - അധിക തുക ചെലവഴിച്ചു | 1-22 |
| 24 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവാക്കുന്നില്ല | 1-23 |
| 25 | ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | 1-24 |
| 26 | ബഡ്സ് സ്കൂൾ ചെലവ് - അപാകതകൾ | 1-25 |
| 27 | സർക്കാരിലേക്ക് അടക്കാനുള്ള തുക അടവാക്കിയില്ല | 1-26 |

| | | |
|---|---|---|
| 28 | Refund Of Unutilised Grants – തുടർനടപടികൾ സ്വീകരിച്ചില്ല | 1-27 |
| 29 | നെൽകൃഷി വികസനം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-28 |
| 30 | തെങ്ങിലെ രോഗകീടനിയന്ത്രണം -അപാകങ്ങൾ | 1-29 |
| 31 | കുടിവെള്ള പദ്ധതി -അധിക തുക നൽകൽ - എസ്റ്റിമേറ്റ് ലഭ്യമാക്കേണ്ടതാണ്. | 1-30 |
| 32 | ഇൻസിനറേറ്റർ സ്ഥാപിക്കൽ- ടെണ്ടർ ക്ഷണിച്ചില്ല. | 1-31 |
| 33 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-32 |
| 34 | പെണ്ണാട് വിതരണം അധിക തുക അനുവദിച്ചു | 1-33 |
| 35 | കന്നുകുട്ടി പരിപാലനം - തുക തിരികെ ലഭിച്ചിട്ടില്ല.. | 1-34 |
| 36 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:- | 1-35 |
| 37 | തനത് ഫണ്ട് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല | 1-36 |
| 38 | തോടുകളുടെ പുനരുദ്ധാരണം - പ്രവർത്തിയ്ക്ക് ഉയർന്ന നിരക്കിൽ ജി.എസ്.റ്റി അനുവദിച്ചു. | 1-37 |
| 39 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു. | 1-38 |
| 40 | ഓഡിറ്റ് ഇംപാക്ട് | 1-39 |


**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

| | | |
|---|---|---|
| 1 | തെങ്ങിലെ രോഗകീടനിയന്ത്രണം -അപാകങ്ങൾ | 3-1 |
| 2 | പെണ്ണാട് വിതരണം അധികതുക ചെലവഴിച്ചു | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ  അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ  ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ  അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 18.02.2021 ലെ 1(1)-ാം നമ്പർതീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബജറ്റ് 19.03.2022ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി പുതുക്കി അംഗീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് - ചെലവ് കണക്കുകൾ | രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് - ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 5379394.00 | 5987658.73 | (-) 608264.73 |
| വരവ് | 17890615.00 | 56400156.00 | (-)38509541.00 |
| ആകെ | 23270009.00 | 62387814.73 | (-)39117805.73 |
| ചെലവ് | 17722160.00 | 56937602.00 | (-)39215442.00 |
| നീക്കിയിരിപ്പ് | 5547849.00 | 5450212.73 | 97636.27 |

ഇ.എഫ്.എം.എസ് വഴി മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 2.3 കോടി രൂപയും, ക്ഷേമപദ്ധതികൾക്കായി ഡി.ബി.റ്റി വഴി 3.38 കോടി രൂപയും ലഭിച്ചതുൾപ്പെടെ തനത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ അന്തരമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) 2019-20 വർഷത്തെ B15 ഷെഡ്യൂൾ പ്രകാരം Receivables Towards Sale Of Sand (431400118) എന്ന ശീർഷകത്തിൽ 107800/- രൂപ കുടിശ്ശിക ഉണ്ടായിരുന്നു. തൻവർഷം ടി തുക ചട്ടവിരുദ്ധമായി Advance Payment Of Royalty (460500103) എന്ന് അഡ്വാൻസ് ഹെഡ്ഡിലേക്ക് മാറ്റിയിട്ടുണ്ട്.

2) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്).

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 14.05.2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5987658.73 |
| ഓഡിറ്റ് വർഷത്തെ വരവ് | 56400156.00 |
| ആകെ | 62387814.73 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 56937602.00 |
| നീക്കിയിരിപ്പ് | 5450212.73 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ | 43860/- |

| | |
|---|---|
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1528010/- |

.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (എസിആർ പ്രകാരം) | ആകെ | ചെലവ് (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)) | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 7211511 | 7211511 | 7211511 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2567897 | 2567897 | 2567897 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 77000 | 77000 | 77000 | 0 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 7935000 | 7935000 | 7935000 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5033324 | 5033324 | 5033324 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ്(UnTied) | 0 | 1798744 | 1798744 | 1783588 | 15156 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | 0 | 4064399 | 4064399 | 4064399 | |
| **കേന്ദ്രാവിഷ്കൃതഫണ്ട്-** | | | | | |
| ഐസിഡിഎസ് | 112951 | 536538 | 649489 | 536538 | 112951 |
| ടി എസ് സി | 661506 | 0 | 661506 | 0 | 661506 |

| | | | | | |
|---|---|---|---|---|---|
| ഡബ്ല്യുജിഡിപി | 10025 | 0 | 10025 | 0 | 10025 |
| ആർജിഎസ്എ | 90525 | 0 | 90525 | 0 | 90525 |
| **സംസ്ഥാനാവിഷ്കൃതഫണ്ട്-** | | | | | |
| ശുചിത്വമിഷൻ | 940051 | 1000000 | 1940051 | 783893 | 1156158 |
| സമ്പൂർണ്ണ ശുചിത്വം | 96697 | 130000 | 226697 | 130000 | 96697 |

ധനകാര്യകമ്മീഷൻ (Untied) ഗ്രാന്റിന്റെ വരവിൽ 7154/-രൂപ ബാങ്ക് പലിശയും, ധനകാര്യകമ്മീഷൻ (Tied) ഗ്രാന്റിന്റെ വരവിൽ 6254/-രൂപ ബാങ്ക് പലിശയും ഉൾപ്പെട്ടിട്ടുണ്ട്

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത്-എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 134 | 74850794 | 129 | 41731116 | 110 | 19 | 5 | 82.08% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 101400 | 519851 | 621251 | 528120 | 93131 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 23020609 | 23020609 | 23020609 | |

| | | | | | |
|---|---|---|---|---|---|
| ആകെ | 101400 | 23540460 | 23641860 | 23548729 | 93131 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപെൻഷൻ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | 2839000 | 160 |
| വാർദ്ധക്യകാലപെൻഷൻ | 19279100 | 1388 |
| വിധവാപെൻഷൻ | 8688000 | 564 |
| വികലാംഗപെൻഷൻ | 2446200 | 153 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 493600 | 33 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.03.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 81603/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

2 ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. ഗ്രാമ പഞ്ചായത്തിൽ വർഷങ്ങളോളം പണമിടപാടുകൾ നടത്താത്ത ഏഴോളം അക്കൗണ്ടുകൾ നിലവിലുള്ളണ്ട്. ടി നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന തനത് ഫണ്ട് അക്കൗണ്ടിന് (EDCB) നാളിതുവരെയായും പലിശ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

5. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

7. വെള്ളക്കരമിനത്തിൽ ഭീമമായ തുക കുടിശ്ശികയായി നിൽക്കുന്നു. ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

8, ദുരിതാശ്വാസനിധി, മറ്റ് വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ, ഡെപ്പോസിറ്റുകൾ, മറ്റ് ബാധ്യതകൾ എന്നിവ തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. നിലവിൽ പഞ്ചായത്തിന്റെ

തനത് ആവശ്യങ്ങൾക്കായുള്ള ചെലവുകൾ മേൽ സൂചിപ്പിച്ച പ്രത്യേക ഉദ്ദേശ അക്കൗണ്ടുകളിൽ നിന്നും ചെലവാക്കുന്നുണ്ട്. ആയതുകൊണ്ട്, തനത് ഫണ്ട് ഇനങ്ങൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും നിയമം അനുശാസിക്കുന്ന പുതിയ തനത് ഫണ്ട് സ്രോതസ്സുകൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.10.2020 മുതൽ 16.10.2020 വരെ | 01.02.2020 മുതൽ 30.09.2020 വരെ | 22.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.08.2003മുതൽ 16.09.2003 വരെ | 1997-98 മുതൽ 2002-2003വരെ | 14.03.2007 |

## 1-11 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, പാരാമെഡിക്കൽ ലൈസൻസ് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ടി സ്ഥാപനങ്ങൾ 2021-22 വർഷത്തേക്കുള്ള എഫ്.ടി.ഇ.ഒ.എസ് ലൈസൻസ് എടുത്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ |
|---|---|

| | |
|---|---|
| | പേര് |
| 1 | ദേവി കമ്പ്യൂട്ടറൈസ്ഡ് ലബോറട്ടറി/ അഞ്ജു സന്തോഷ്, സൗത്ത് മാറാടി |
| 2 | ഫെലിക്കോൺ പെറ്റ് ഹോസ്പിറ്റൽ / ഡോ.എസ് സുനിൽ കുമാർ 130 ജംഗ്ഷൻ |
| 3 | ദിവ്യ ദർശിനി ഹോമിയോ ക്ലിനിക്ക് / ഡോ.ദിവ്യ ശ്രീനാഥ് ഈസ്റ്റ് മാറാടി |
| 4 | പാറപ്പുറം സ്മൈൽ ദന്തൽ ക്ലിനിക് / ഡോ.ജോബി .ജെ പാമ്പാക്കുട |
| 5 | സിറാ ഗ്ലൈസ് /സോമൻ വർഗ്ഗീസ് ചേലൂർ |
| 6 | 32 ഡെന്റൽ ക്ലിനിക് / ഡോ.എലിയാസ് എം.വർഗ്ഗീസ് ഈസ്റ്റ് മാറാടി |
| 7 | വേനപ്പാടത്ത്/ഡോ.വിനീതാ ജോസ് സൗത്ത് മാറാടി |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.12/6.3.2023) ലഭ്യമായ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവ പ്രകാരം രജിസ്ട്രേഷൻ അനുവദിച്ചിട്ടുള്ളതാണ് എന്നും ഈ ഗണത്തിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി മാത്രമായി മേൽ ചട്ടം നിലവിലുള്ളതാണ് എന്നും ടി സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങൾക്ക് എഫ്.ടി.ഇ.ഒ.എസ് പ്രകാരമുള്ള ലൈസൻസ് കൂടി എടുക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ഇവയിൽ നിന്നും രജിസ്ട്രേഷൻ ഫീസും തൊഴിൽ നികുതിയും മാത്രമാണ് ഈടാക്കി വരുന്നതെന്നും അറിയിച്ചു. സ്വകാര്യ ആശുപത്രികൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ 2017 ലെ

എഫ്.ട്ി.ഇ.ഒ.എസ് ലൈസൻസ് ഭേദഗതി (ചട്ടം 3) ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങളുടെ പട്ടിക -3 ൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഇവ 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ) ചട്ടങ്ങളിലും ഉൾപ്പെട്ടിട്ടുണ്ട് (ചട്ടം 3). മേൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ഏതെങ്കിലും ഒരു ലൈസൻസ് മാത്രമാണ് ആവശ്യമുള്ളതെന്ന് ചട്ടങ്ങളിൽ പറയുന്നില്ല. ആയതിനാൽ മേൽ സ്ഥാപനങ്ങൾക്ക് എഫ്.ടി.ഇ.ഒ.എസ്. ലൈസൻസ് കൂടി നൽകി ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-12 വാടക-റൈറ്റ് ഓഫ് വിവരങ്ങൾ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷികധനകാര്യ പത്രിക പരിശോധിച്ചതിൽ നിന്നും ഷെഡ്യൂൾ I-18- Prior Period Items -ഹെഡ് കോഡ് 280200101 – Prior Peroid Income -Rent From Buildings ഇനത്തിൽ 497575/- രൂപ എഴുതിത്തള്ളിയിട്ടുണ്ട്. ആയതിനെ സാധൂകരിക്കുന്ന രേഖകൾ /വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.37/9.3.2023) മറുപടി ലഭ്യമായിട്ടില്ല. വാടകയുമായി ബന്ധപ്പെട്ട അപാകതകളിൽ വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ 11.12.2021 ൽ മൂവാറ്റുപുഴ ലീഗൽ സർവീസ് കമ്മറ്റി മുമ്പാകെ നടന്ന ഒത്തുതീർപ്പിലെ തീരുമാന പ്രകാരം എസ്.സി വർക്ക് ഷെഡ് വാടക കുടിശ്ശിക ഒഴിവാക്കുന്നതിന് സർക്കാർ അനുമതി തേടുന്നത് ഉചിതമായിരിക്കുമെന്ന നിർദ്ദേശപ്രകാരം 20.12.21 പഞ്ചായത്ത് കമ്മറ്റിയുടെ 6(1) തീരുമാനപ്രകാരം 19.1.22 ൽ വാടകകുടിശ്ശിക ഒഴിവാക്കുന്നതിന് സർക്കാർ അനുമതിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. സർക്കാരിൽ നിന്നും അനുമതി ലഭ്യമായിട്ടില്ല. സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കാതെ 497575/- രൂപ വാടകയിനത്തിൽ എഴുതിത്തള്ളിയത് ശരിയായ നടപടിയല്ല. വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട ടി അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി -അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 മുതൽ 205 വരെയുള്ള വകുപ്പുകൾ പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു
1) ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2021-22 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തേയും)തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നമ്പർ | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|---|
| 1 | എം.ഡി ഹന്ന റോക്ക് പ്രോഡക്ട്സ് | 716/21 | 7 |
| 2 | എസ്.എസ്. ഇൻഡസ്ട്രീസ്,ഈസ്റ്റ് മാറാടി | 787/21 | 8 |
| 3 | സെന്റ് ജോർജ് ക്വാറി | 979/21 | 5 |
| 4 | സെന്റ് ആന്റണീസ് വുഡ് ഇന്റസ്ട്രീസ് | 8/21-22 | 5 |
| 5 | അൾട്രാ ടെക്ക് സിമന്റ്സ് | 16/21-22 | 4 |
| 6 | എം.ആർ.എം ക്രമ്പ് റബ്ബർ ഫാക്ടറി | 19/21-22 | 42 |
| 7 | ജൂസി ഫുഡ് പ്രോഡക്ട്സ് പ്രൈ . ലിമിറ്റഡ് | 24/21-22 | 15 |
| 8 | ജിഷ ഷാജി ബ്രിക് യാർഡ് | 37/21-22 | 4 |

| | | | |
|---|---|---|---|
| 9 | സുൽത്താൻ ടിംബർ ഇൻഡസ്ട്രീസ് | 39/21-22 | 5 |
| 10 | ആഷ് ലി ഫർണ്ണിച്ചർ ഇൻഡസ്ടരീസ് | 51/21-22 | 57 |
| 11 | ആഷ്ലി ഫർണ്ണിഷിംഗ് കോ പ്രൈ.ലിമിറ്റഡ് | 52/21-22 | 8 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻകയറിക്ക(നം.9/6.3.2023) ലഭ്യമായ മറുപടിയിൽ ക്രമ നം.1, 2, 3, 4, 8, 9 ൽ ഉൾപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ക്രമ നം.5, 6, 7, 10, 11 ൽ ഉൾപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണവും ലൈസൻസ് അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണവും തമ്മിൽ വ്യത്യാസമുണ്ട്. ആയത് പരിശോധിച്ച് തൊഴിൽ നികുതി അടക്കുവാൻ ബാക്കിയുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

2)ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവട്ടെ കൊടുത്തിരിക്കുന്ന കരാറുകാർ ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ 2021-22 സാമ്പത്തിക വർഷം ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. എന്നാൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരുടെ പേര് |
|---|---|
| 1 | എം.സി രാജൻ |
| 2 | ജോബി ജോർജ് |

| | |
|---|---|
| 3 | കെ.വി രാജു |
| 4 | അനിൽ ടി.ടി |
| 5 | സജി ടി ജേക്കബ് |
| 6 | വിബിൻ കെ.ജെ |
| 7 | പി .വി ജോർജ് |
| 8 | പി.കെ ബേബി |
| 9 | അമൽ തിരുമേനി |
| 10 | ഗിരീഷ് കുമാർ .സി |
| 11 | ഫൈസൽ കെ.പി |
| 12 | വിപിൻ കെ.ജെ |
| 13 | റാനോഫ് എം.എം |
| 14 | ഒ.എം. സജി |
| 15 | എൽസൺ മാത്യു |
| 16 | മനീഷ് പി മോഹനൻ |
| 17 | കെ.വി സണ്ണി |
| 18 | പി.എം ബേബി |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.40/09.03.23) മറുപടി ലഭ്യമായിട്ടില്ല. കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-14 വാർഷിക വാടകയിൽ ജി എസ് ടി ഈടാക്കിയില്ല

മാറാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13/08/2021ലെ 10(2)-ാം നമ്പർ തീരുമാന പ്രകാരം ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് വികാസ് നഗർ റോഡിൽ 10 GI Poles സ്ഥാപിക്കുന്നതിന് 59414/- രൂപ ഈടാക്കിയിട്ടുണ്ട് (രസീത് നം 12101040001/22.10.21)). എസ്റ്റിമേറ്റിന്റെ വിവരം താഴെ കൊടുക്കുന്നു.

| ഫീസിന്റെ വിവരങ്ങൾ | തുക |
|---|---|
| ബോം കട്ടിംഗ് (2 Poles) | 720 |
| കോൺക്രീറ്റ് സർഫസ് റോഡ് കട്ടിംഗ് (10 Poles) | 54734 |
| പോളുകളുടെ വാർഷിക വാടക (10 Poles) | 3600 |
| സെക്യൂരിറ്റി10 ഡെപ്പോസിറ്റ് @ 10% | 360 |
| ആകെ | 59414 |

മേൽ വിശദീകരിച്ച പ്രകാരം GI Poles സ്ഥാപിച്ചതിന്റെ വാർഷിക വാടക ഈടാക്കിയതിൽ ജി എസ് ടി ഈടാക്കിയിട്ടില്ല. കൂടാതെ, റെസ്റ്റോറേഷൻ ചാർജിനോടൊപ്പം ഈടാക്കിയ ജി എസ് ടി സർക്കാരിലേക്ക് അടവാക്കിയിട്ടുമില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1) GI പോളുകളുടെ വാർഷിക വാടകക്ക് 18% ജി എസ് ടി ഈടാക്കേണ്ടതായിരുന്നു. എന്നാൽ, GI Poles സ്ഥാപിച്ചതിന് ഈടാക്കിയ (3600/- രൂപ )വാർഷിക വാടകക്ക് ജി എസ് ടി ഈടാക്കിയിട്ടില്ല.

2) 30.03.2019ലെ CE/R&B/G1-RC/2/2019 നം. സർക്കുലർ പ്രകാരം റെസ്റ്റോറേഷൻ ചാർജസ് നിരക്കുകളിൽ 12% ജി എസ് ടി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ, മേൽ റോഡ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ ഉൾപ്പെട്ട ജി എസ് ടി കണക്കാക്കി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻകചയറിക്ക് (എൻകചയറി നം. 38/09.03.2023) മറുപടി ലഭിച്ചില്ല. ആയതിനാൽ, തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-15 എസ്.സി വർക്ക് ഷെഡ് വാടക കുടിശ്ശിക-630205/-രൂപ നിലനിൽക്കുന്നു</u>

ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 9-ാം വാർഡിലെ എസ്.സി വർക്ക് ഷെഡിന്റെ വാടകയിനത്തിൽ മുൻ വർഷങ്ങളിലേത് ഉൾപ്പെടെ 630205/- രൂപ വാടകകുടിശ്ശിക ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | വാടകക്കാരൻ | കെട്ടിട നം./ പ്രതിമാസ വാടക | വാടക കുടിശിക | | |
|---|---|---|---|---|---|
| | | | മുൻവർഷം വരെ | 2021-22 | ആകെ |
| 1 | ചിത്തനിഷ്ഠൻ സി കെ | IX/123(4/230A)/ 2056/- | 106319 | 24672 | 130991 |
| 2 | സി സി തങ്കപ്പൻ | IX/124(4/230B) 2056/- | 104709 | 24672 | 129381 |
| 3 | അയ്യപ്പൻ തകിടിപ്പുറത്ത് | IX/125(4/230C) 2106/- | 62851 | 23166 | 86017 |
| 4 | അരുൺകുമാർ റ്റി ആർ | IX/126(4/230E) 1341/- | 43522 | 16092 | 59614 |
| 5 | റ്റി എൻ കുഞ്ഞുമോൻ | IX/127(4/230F) 1946/- | 91034 | 23352 | 114386 |
| 6 | സി സി നാരായണൻ | IX/128(4/230G) 1723/- | 89140 | 20676 | 109816 |
| **ആകെ** | | | **497575/-** | 132630/- | 630205/- |

മേൽ സൂചിപ്പിച്ച വാടകക്കാർ 25.02.2016ൽ നടന്ന ലേലത്തിൽ ടി മുറികൾ 2016-17 വർഷത്തേക്ക് വാടകക്ക് ഏറ്റെടുത്തിട്ടുള്ളതാണ്. എന്നാൽ, തുടർച്ചയായി വാടക കുടിശ്ശിക വരുത്തുകയും, നിലവിലുള്ള നിയമാനുസൃത കാലാവധിക്ക്

ശേഷവും കരാർ പുതുക്കാതെ മുറികൾ അനധികൃതമായി കൈവശം വെയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ കരാർ പ്രകാരം മുറികളുടെ വൈദ്യുതി ചാർജ് അടക്കാൻ ബാധ്യസ്ഥരായ വാടകക്കാർ വൈദ്യുതി ചാർജ് കുടിശ്ശിക വരുത്തിയതിനാൽ കെ.എസ്.ഇ.ബി കെട്ടിടത്തിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.03.19ലെ 3(1)-ാം നമ്പർ തീരുമാനം പ്രകാരം വാടക കുടിശിക ഈടാക്കുന്നതിനും, കെട്ടിടം ഒഴിപ്പിക്കുന്നതിനും Kerala Public Building Eviation Of Unauthorised Occupants Act, വകുപ്പ് 4 പ്രകാരമുള്ള നോട്ടീസ് കുടിശികക്കാർക്ക് 30.4.2019 തീയതിയിൽ നൽകുകയും ചെയ്തിട്ടുള്ളതാണ്.

ഇതിനെതിരെ കുടിശ്ശികക്കാരിലൊരാളായ സി സി തങ്കപ്പൻ കേരള പട്ടിക ജാതി/ പട്ടിക വർഗ്ഗ കമ്മീഷനെ സമീപിക്കുകയും, തുടർന്ന് നടന്ന 19.07.2019ലെ അദാലത്തിൽ ഗ്രാമപഞ്ചായത്ത് കമ്മീഷനെ വിവരങ്ങൾ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. പട്ടിക ജാതി/പട്ടിക വർഗ്ഗ കമ്മീഷന്റെ ഉത്തരവ് നമ്പർ 3161/ B1/2019 /Ekm/KSC&ST തീയതി 19.7.2019 പ്രകാരം ഒരുമാസത്തിനകം പഞ്ചായത്ത് കറന്റ് കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും കണക്ഷൻ ലഭ്യമാകുന്ന മുറക്ക് വാടക സ്വീകരിക്കുവാനും മുൻ വാടക കുടിശ്ശിക ഗഡുക്കളായി അടക്കുവാൻ അവസരം നൽകുവാനും പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി പരാതി തീർപ്പായി ഉത്തരവായിട്ടുള്ളതാണ്. വർക്ക് ഷെഡുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കുവാനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

1) വാടക കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടി വിവരങ്ങൾ
2) മേൽ കെട്ടിടങ്ങളിൽ നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമായതിന്റെ വിവരങ്ങൾ
3)വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ടെങ്കിൽ ഇത്രയും ഭീമമായ വാടക കുടിശ്ശികയടക്കം ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ .
4) <u>വാടകരജിസ്റ്റർ പ്രകാരം ഡി.സി.ബി</u>
തൻവർഷം- 249816/- ,117186/-,132630/-
മുൻവർഷം- 515062/-,17487/-, 497575/-

<u>വാർഷിക ധനകാര്യ പത്രിക പ്രകാരം ഡി.സി.ബി</u>
തൻവർഷം - 117186/-,117186/-,0
മുൻവർഷം – വരവ് - 17487/-, നീക്കിബാക്കിയില്ല
വാടകരജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ വാടകയിനത്തിൽ ഡി.സി.ബി.യിലുള്ള വ്യത്യാസം നിലനിൽക്കുന്നു. വാടകരജിസ്റ്റർ പ്രകാരമുള്ള തൻവർഷത്തെ കുടിശ്ശികയായ 132630/-രൂപയും മുൻവർഷത്തെ കുടിശ്ശികയായ 497575/- രൂപയും നീക്കിബാക്കിയായി വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ കാണിച്ചിട്ടില്ല.
5) വർക്ക് ഷെഡ്യൂകളുമായി ബന്ധപ്പെട്ട 2021-22 സാമ്പത്തിക വർഷത്തെ വാടകക്കരാറുകളും നിലവിൽ മേൽ കെട്ടിടങ്ങൾ വാടകക്കു നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ
6) കെട്ടിട നം.9/125 A(4/230D) -ന്റെ 2021-22 സാമ്പത്തിക വർഷത്തെ വാടക ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ വാടക കെട്ടിടങ്ങളുടെ തുടർ നടപടികൾ അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14/7.3.2023) ലഭ്യമായ മറുപടിയിൽ 11.12.2021 ൽ മൂവാറ്റുപുഴ ലീഗൽ സർവീസ് കമ്മറ്റി മുമ്പാകെ നടന്ന ഒത്തുതീർപ്പിലെ തീരുമാനപ്രകാരം വാടക കുടിശ്ശിക ഒഴിവാക്കുന്നതിന് സർക്കാർ അനുമതി തേടുന്നത് ഉചിതമായിരിക്കുമെന്ന് നിർദ്ദേശപ്രകാരം 20.12.21ലെ പഞ്ചായത്ത് കമ്മറ്റിയുടെ 6(1) തീരുമാനപ്രകാരം 19.1.22 ൽ വാടകകുടിശ്ശിക ഒഴിവാക്കുന്നതിന് സർക്കാർ അനുമതിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. വാടകക്കാരെ ഒഴിപ്പിക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുമായി പഞ്ചായത്ത് സ്വീകരിച്ച നടപടിക്കെതിരായി വാടകക്കാരിൽ ഒരാളായ ശ്രീ സി.സി തങ്കപ്പൻ ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിച്ചതിലും തീരുമാനം ഒന്നും ലഭ്യമായിട്ടില്ല. മേൽ കെട്ടിടങ്ങളിൽ കെട്ടിട നം.9/125 (4/230 C ) മാത്രമാണ് നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുള്ളൂ. വാടകരജിസ്റ്റർ ഡി.സി.ബിയും വാർഷിക ധനകാര്യ പത്രിക ഡി.സി.ബിയും കൃത്യമാക്കിയിട്ടുള്ളതാണെന്ന മറുപടി അംഗീകരിക്കുന്നില്ല. മുൻവർഷവാടകകുടിശ്ശിക തുകയായ **497575/-രൂപയും** തൻവർഷ വാടകകുടിശ്ശികയായ 1,32,630/- രൂപയും വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്-ബി15 ഷെഡ്യൂളിൽ

ഉൾപ്പെടുത്തേണ്ടതാണ്.കുടിശ്ശിക തുക ഒഴിവാക്കുന്നതിനായി സർക്കാർ അനുമതി ലഭ്യമാക്കാതെ തുക വാർഷിക ധനകാര്യപത്രികയിൽ നിന്നും ഒഴിവാക്കുവാൻ സാധിക്കുകയില്ല. വാടക സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്. നിലവിൽ 9/125-ാം നമ്പർ കെട്ടിടം മാത്രമാണ് ശ്രീ അയ്യപ്പൻ തകിടിപ്പുറത്ത് എന്നയാൾക്ക് ടിയാൾ വാടക കുടിശ്ശിക തുല്യഗഡുക്കളായി അടവാക്കണം എന്ന വ്യവസ്ഥയിൽ വാടകക്കു നൽകിയിട്ടുള്ളത് എന്നും മറുപടി നൽകിയിട്ടുണ്ട്. 9/125 എ) നമ്പർ കെട്ടിടമുറി ശ്രീ അൻജിത്ത് റ്റി.എ തകിടിപ്പുറത്ത് എന്നയാൾ നിലവിലുള്ള വാടക അടച്ചു തീർത്ത സി.7-3859/16 കത്ത് പ്രകാരം 31.10.2016 തീയതിയിൽ പഞ്ചായത്തിലേക്ക് വാടക ഒഴിഞ്ഞുനൽകിയിട്ടുള്ളതാണ്. ആയതിനാലാണ് ഡി.സി.ബിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത് എന്ന് മറുപടി നൽകി. മേൽ കെട്ടിടങ്ങളുടെ വാടകക്കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ വാടകയുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-16 സാമൂഹ്യസുരക്ഷാപെൻഷൻ -അപാകതകൾ തുടരുന്നു

ഗ്രാമ പഞ്ചായത്തിലെ പെൻഷൻ അപേക്ഷകൾ /മരണ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.
സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദ്ദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്) നം. 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.01.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ

മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് / പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | എൻ.എൻ. രാമൻ | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ) | 12.3.21 | 11/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു.12/22 തുക ബാങ്കിന് കൈമാറി | അക്കൗണ്ട് ആക്ടീവായി തുടരുന്നു. |
| 2 | കുമാരി പൊന്നപ്പൻ | സാമൂഹ്യ സുരക്ഷ പെൻഷൻ ( ദേശീയ വാർദ്ധക്യകാല പെൻഷൻ ) | 13.4.21 | 10/21 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 3 | വാസുദേവൻ വി. | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) (കൊല്ലം ചാത്തന്നൂർ പഞ്ചായത്ത്) | 13.3.21 | 10/21 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻറ് ചെയ്തിട്ടുണ്ട് |
| 4 | നൂർജഹാൻ | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) (തിരുവനന്തപുരം അമ്പൂരി പഞ്ചായത്ത്) | 4.4.21 | 4/22വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു.5/22-12/22 വരെ തുക തടഞ്ഞ് വച്ചിരിക്കുന്നു. | അക്കൗണ്ട് ആക്ടീവായി തുടരുന്നു. |
| 5 | അന്നമ്മ മത്തായി | സാമൂഹ്യ സുരക്ഷ പെൻഷൻ കർഷകത്തൊഴിലാളി പെൻഷൻ | 7.4.21 | 5/21വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു.6/21 മുതൽ 8/22 വരെ തുക നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല. | അക്കൗണ്ട് സസ്പെൻറ് ചെയ്തിട്ടുണ്ട് |
| 6 | സുകുമാരൻ എൻ.എൻ. | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 4.4.21 | 5/21 മുതൽ 8/21 വരെ തുക കൈമാറുവാൻ സാധിച്ചിട്ടില്ല. | അക്കൗണ്ട് സസ്പെൻറ് ചെയ്തിട്ടുണ്ട് |
| 7 | എം.എം. വിജയൻ | കർഷകത്തൊഴിലാളി പെൻഷൻ | 16.4.20 | 5/20 മുതൽ 8/21 വരെ തുക കൈമാറുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെൻറ് ചെയ്തിട്ടുണ്ട് |
| 8 | ചോതി ചിങ്കൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14.2.21 | 11/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. 12/22 ന് തുക ബാങ്കിന് കൈമാറി | അക്കൗണ്ട് ആക്ടീവായി തുടരുന്നു. |
| 9 | നാരായണൻ എ. | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല | 3.11.20 | 11/22 വരെ തുക അക്കൗണ്ടിൽ | അക്കൗണ്ട് ആക്ടീവായി |

| | | | | | |
|---|---|---|---|---|---|
| | | പെൻഷൻ(എറണാകുളം പാലക്കുഴ ഗ്രാമപഞ്ചായത്ത്) | | നിക്ഷേപിച്ചു .12/22 തുക ബാങ്കിന് കൈമാറി | തുടരുന്നു. |
| 10 | അമ്മിണി കൃഷ്ണൻ | കർഷകത്തൊഴിലാളി പെൻഷൻ | 6.6.21 | 11/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

1) ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഫയലുകൾ പരിശോധിച്ചതിൽ നിന്നും മേൽ സൂചിപ്പിച്ചിരിക്കുന്നതുൾപ്പെടെയുള്ള നിരവധി പെൻഷൻ അക്കൗണ്ടുകളിലേക്ക് ഗുണഭോക്താക്കളുടെ മരണശേഷം നിലവിലും പെൻഷൻ തുക നിക്ഷേപിക്കുന്നുണ്ട്. ആയത് സർക്കാരിലേക്ക് തിരിച്ചടക്കുവാൻ ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.
2) ക്രമ നം.5, 6, 7 ൽ ഉൾപ്പെടെ മരണപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറുവാൻ സാധിക്കാതെ/ അക്കൌണ്ടിൽനിക്ഷേപിക്കുവാൻ സാധിക്കാതെ നിരവധി തുകകൾ ഉപയോഗശൂന്യമായി ബാങ്കുകളിൽ/ സഹകരണ സൊസൈറ്റികളിൽ അവശേഷിക്കുന്നുണ്ട്. ഇവ സർക്കാരിലേക്ക് തിരിച്ചടക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്
3)ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ സെക്ഷൻ സാമൂഹ്യസുരക്ഷാപെൻഷൻ സെക്ഷനിലേക്ക് ഫയൽ കൈമാറി പെൻഷണറുടെ മരണശേഷം ആക്ടീവായി തുടരുന്ന പെൻഷൻ അക്കൌണ്ടുകൾ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പരാമർശത്തിലുൾപ്പെടെയുള്ള ഗുണഭോക്താക്കൾ അനധികൃതമായി കൈപ്പറ്റിയ തുക സർക്കാരിലേക്ക് തിരിച്ചടച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്
4)മറ്റ് പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾ പെൻഷൻ അനധികൃതമായി കൈപ്പറ്റിയത് (ഉദാ.ക്രമനം.9 ഉൾപ്പെടെ) തിരിച്ചുപിടിക്കുന്നതിന് അതാത് ഗ്രാമ പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് ആയത് സംബന്ധിച്ച് വിവരം നൽകി പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39/9.3.2023) മറുപടി ലഭ്യമായിട്ടില്ല.

## 1-17 മണൽ വിൽപ്പന-കുടിശ്ശിക തുക ഈടാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ (ഹെഡ് 431400118) പ്രകാരം 1,07,800/- രൂപ മണൽ വിൽപ്പന ഇനത്തിൽ കുടിശികയായി ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ട്. ടി തുക ഏത് വ്യക്തി/സ്ഥാപനം/വകുപ്പിൽ നിന്നും ഈടാക്കാനുള്ളതാണെന്നും, ആയത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളും അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/7.32023) മറുപടി ലഭ്യമായിട്ടില്ല. കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുക ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-18 ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റൽ- സർക്കാർ നിർദ്ദേശമില്ലാതെ ചെലവ് നടത്തി

2021-22 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവകളിലെ ഓഫീസ് അറ്റൻഡന്റ്,ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവരൊഴികെയുള്ള എല്ലാ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം പല തവണകളായി താല്ക്കാലികമായി മാറ്റിവെച്ചു കൊണ്ട് സർക്കാർ വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷം തന്നെ 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. നമ്പർ ഉത്തരവിലൂടെ 2021-22 സാമ്പത്തിക വർഷത്തെ ആർജാതാവധി സറണ്ടർ 31/05/2021 വരെ സർക്കാർ നീട്ടിയിരുന്നു. തുടർന്നും ഇത് 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റിവെച്ചു കൊണ്ട് G.O(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരവും ഈപ്രകാരമുള്ള നിരോധനം 01/12/2021 മുതൽ 31/03/2022 വരെ ദീർഘിപ്പിച്ചുകൊണ്ട് G.O(P) No. 160/2021/ Fin. Dated 01/12/2021 നമ്പർ പ്രകാരവും സർക്കാർ ഉത്തരവിട്ടിരുന്നു.

2021-22 സാമ്പത്തിക വർഷം ഇപ്രകാരം വിവിധ ഉത്തരവുകൾ വഴി

സംസ്ഥാനത്തെ എല്ലാ സർക്കാർ നിയന്ത്രണമുള്ള സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം പൊതുവെ മാറ്റിവെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, ഈ കാലയളവിൽ ആർജിതാവധി പണമാക്കി മാറ്റാൻ പ്രത്യേക സർക്കാർ അനുവാദമോ ഉത്തരവോ ഇല്ലാതെ പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | വൌച്ചർ നമ്പർ/തീയതി | ചെക്ക് നം. / തീയതി |
|---|---|---|---|---|---|
| 1 | സുധീർ ബി | സെക്രട്ടറി | 83694/- | 52100221/18.6.2021 | 103323/ 18.6.21 |
| 2 | വിനോദ് കുമാർ | അക്കൗണ്ടന്റ് | 54390/- | 22100297/9.7.21 | 102226/9.7.21 |
| 3 | അബ്ദുൾ നാസർ | ഹെഡ് ക്ലർക്ക് | 57054/- | 52100213/10.6.2021 | 400255/10.6.21 |
| 4 | ധന്യ.ബി | സീ.ക്ലർക്ക് | 49395/- | 52100213/10.6.2021 | 400255/10.6.21 |
| 5 | ഷീജ .ടി.എ | സീനിയർ ക്ലർക്ക് | 43623/- | 52100213/10.6.2021 | 400255/10.6.21 |
| 6 | ഷൈനി സേവ്യർ | ക്ലർക്ക് | 34521/- | 52100213/10.6.2021 | 400255/10.6.21 |
| 7 | മായ സി.ആർ | ഫുൾ ടൈം കണ്ടിജന്റ് നഴ്സറി സ്കൂൾ ടീച്ചർ | 26559/- | 22100214/10.6.2021 | 400256/10.6.21 |
| 8 | ലിനി .റ്റി.പി | ഫുൾ ടൈം കണ്ടിജന്റ് നഴ്സറി സ്കൂൾ ടീച്ചർ | 26559/- | 22100214/10.6.2021 | 400256/10.6.21 |

മേൽ പറഞ്ഞതു പ്രകാരമുള്ള തുകകൾ പ്രത്യേക സർക്കാർ അനുവാദമോ ഉത്തരവോ ഇല്ലാതെ ക്രമവിരുദ്ധമായി കൈപ്പറ്റിയിട്ടുള്ളതാണ്. ഈ

സാഹചര്യത്തിൽ കൈപ്പറ്റിയ ആർജിതാവധി സറണ്ടർ തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയോ ആനുപാതിക ആർജിതാവധി ലീവ് അക്കൗണ്ടിൽ റീ ക്രെഡിറ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനായി നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.25/8.3.2023) ലഭ്യമായ മറുപടിയിൽ 1.6.21 മുതൽ 25.7.21 വരെ സറണ്ടർ അനുവദിക്കുവാൻ പാടില്ലെന്ന് സർക്കാർ ഉത്തരവുകൾ പ്രാബല്യത്തിൽ ഇല്ലാത്തതിനാലാണ് ജീവനക്കാർ ആർജിതാവധി സറണ്ടർ ചെയ്തത് എന്നാണ്.

2021-22 സാമ്പത്തിക വർഷത്തെ ആർജാതാവധി സറണ്ടർ 01.06.2021 മുതൽ മുൻകാലപ്രാബല്യത്തോടെ 6 മാസത്തേക്കു കൂടി മാറ്റിവെച്ചു കൊണ്ടും (G.O(P) No. 104/2021/ Fin. Dated 26/07/2021) ഈ നിരോധനം 01/12/2021 മുതൽ 31/03/2022 വരെ ദീർഘിപ്പിച്ചു കൊണ്ടും (G.O(P) No. 160/2021/ Fin. Dated 01/12/2021) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ 2021-22 സാമ്പത്തിക വർഷം പൂർണ്ണമായി ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല എന്ന് വ്യക്തമാണ്. ഈ കാലയളവിൽ കൈപ്പറ്റിയ ആർജിതാവധി സറണ്ടർ ക്രമീകരിച്ചത് സംബന്ധിച്ച സർക്കാർ അനുമതിയും ഹാജരാക്കിയിട്ടില്ല. ആയതിനാൽ സർക്കാർ നിർദ്ദേശമില്ലാതെ കൈപ്പറ്റിയ തുക 322677/-രൂപ (FTS മാറുടേത് ഒഴികെ)തടസ്സപ്പെടുത്തുന്നു.

.

## 1-19 ഡി.സി.സി.പ്രവർത്തനങ്ങൾക്കായി നൽകിയ മുൻകൂർ തീർപ്പാക്കിയതിന്റെ വിവരങ്ങളില്ല-85000/- രൂപ തടസ്സം

കോവിഡ് -19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ഡി.സി.സി(Domiciliary Care Centres) സെന്ററുകളുടെ പ്രവർത്തന ചെലവുകളുടെ ഭാഗമായി 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ദുരിതാശ്വാസനിധിയിൽ (മാറാടി SCB-5855) നിന്നും ചുവടെ പറയും പ്രകാരം തുകകൾ

സി.എഫ്.എൽ.ടി.സി നോഡൽ ഓഫീസർ, എച്ച്.ഡി.എഫ്.സി മൂവാറ്റുപുഴ - അക്കൗണ്ടിലേക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം./തീയതി | തുക | ചെക്ക്നം/ തീയതി |
|---|---|---|---|
| 1 | 22100063/30.4.21 | 50000/- | 64488/30.4.21 |
| 2 | 22100112/19.5.21 | 25000/- | 64489/11.5.21 |
| 3 | 22100174/1.6.21(വൗച്ചർ പരിശോധനക്കായി ലഭ്യമായിട്ടില്ല) | 10000/- | 64472/1.6.21 |
| ആകെ | | 85000/- | |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 99 പ്രകാരം , നൽകുന്ന മുൻകൂറുകൾ 3 മാസത്തിനകം വിശദമായ വൗച്ചറുകൾ സഹിതം ക്രമീകരിക്കുകയോ തിരിച്ചടക്കുകയോ ചെയ്യാത്ത പക്ഷം മുൻകൂർ നൽകിയ തിയതി മുതൽ 18% വാർഷിക പലിശ സഹിതം ഈടാക്കുന്നതാണ് എന്ന് 04/10/2011 ലെ സർക്കാർ ഉത്തരവ് നം 419/2011/Fin പ്രകാരം അറിയിച്ചിട്ടുണ്ട്. ഈ മുൻകൂർ നിലവിൽ തീർപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/8.3.2023) മറുപടി ലഭ്യമായിട്ടില്ല. മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ച് പലിശസഹിതം ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ 85000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-20 നഴ്സറി സ്കൂൾ ടീച്ചർ നിയമനം-സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്

കണ്ടംചിറ പഞ്ചായത്ത് നഴ്സറി സ്കൂൾ ടീച്ചർ ശ്രീമതി ലിനി ടി.പി. യുടെ സേവനപുസ്തകം പരിശോധിച്ചതിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പ്(ഇ.പി.എ), സ.ഉ (എം.എസ്) നം.170/10 ത. സ്വ.ഭ.വ, തീയതി 6.8.10

തിരുവനന്തപുരം, സർക്കാരിന്റെ പതിനൊന്നിന പരിപാടി പ്രകാരം ഹോണറേറിയം വ്യവസ്ഥയിൽ നിയമിതരായ സാംസ്ക്കാരിക നിലയങ്ങളിലെ ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരം മാറാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നമ്പർ സി2-9901/10 തീയതി.23.9.2010 പ്രകാരം കണ്ടംചിറ പഞ്ചായത്ത് നഴ്സറി സ്കൂൾ ടീച്ചർ ശ്രീമതി ലിനി ടി.പി, തട്ടാംപറമ്പേൽ, കായനാട് ന് പാർട്ട് ടൈം നഴ്സറി സ്കൂൾ ടീച്ചർ ആയി സ്ഥിര നിയമനം നൽകി ഉത്തരവായിട്ടുള്ളതാണ്. പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് നം.ഇ13-10608/18 തീയതി 23.12.19 പ്രകാരവും മാറാടി ഗ്രാമപഞ്ചായത്തിന്റെ 13.1.2020 ലെ 7(4)-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരവും ശ്രീമതി ലിനി.ടി.പി. യെ ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാരിയായി ഉയർത്തി 16500 – 35700 ശമ്പളസ്കെയിലിൽ ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്. മാറാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നമ്പർ സി2-1754/19 തീയതി 25.1.20 പ്രകാരം ടിയാളെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാരിയായി ഉയർത്തിയിട്ടുണ്ട്. നഴ്സറി സ്കൂൾ ടീച്ചറായ ശ്രീമതി ലിനി ടി.പി നിലവിൽ ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസുമായി ബന്ധപ്പെട്ട് സേവനമനുഷ്ഠിക്കുന്നതായി കാണുന്നു. ആയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.36/9.3.2023)ചുവടെ പറയും പ്രകാരം മറുപടി ലഭ്യമാക്കി. ശ്രീമതി ലിനി ടി.പി 1995 ആഗസ്റ്റ് 2 മുതലാണ് ഹോണറേറിയം വ്യവസ്ഥയിൽ കണ്ടംചിറ നഴ്സറി സ്കൂൾ ടീച്ചറായി സേവനമനുഷ്ഠിച്ചു തുടങ്ങിയത്. സർക്കാരിന്റെ പതിനൊന്നിന പരിപാടി പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകുകയും ആയത് പ്രകാരം 23.09.2010 ൽ കണ്ടംചിറ നഴ്സറി സ്കൂൾ ടീച്ചർ ആയി സ്ഥിര നിയമനം നൽകി ഉത്തരവായിട്ടുള്ളതാണ്. നഴ്സറി സ്കൂളിന്റെ പരിസരങ്ങളിലായി ധാരാളം ക്വാറികൾ പരിസര വാസികളുടെ വീടും സ്ഥലങ്ങളും ഏറ്റെടുത്തതിനാൽ നഴ്സറി സ്ക്കൂളിൽ കുട്ടികൾ ഇല്ലാതായി. പഞ്ചായത്തിൽ കാക്കൂച്ചിറ, കണ്ടംചിറ എന്നീ രണ്ട് നഴ്സറി സ്കൂളുകളാണ് ഉള്ളത്. നിലവിൽ വേക്കൻസി ഇല്ലാത്തതിനാൽ പഞ്ചായത്ത് ഭരണ സമിതി

ടിയാരിയെ പഞ്ചായത്തിലെ ഔദ്യോഗിക ചുമതലകൾക്കായി 2014 മുതൽ നിയമിക്കുകയും ചെയ്തു. ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റായും, നികുതി പിരിവ് ഉൾപ്പെടെയുള്ള ചുമതലകൾ നൽകപ്പെട്ടും ടിയാരി തുടർന്ന് സേവനമനുഷ്ഠിച്ചു വരികയാണ്. സർക്കാർ നിർദ്ദേശം ലഭിക്കുന്ന മുറക്കോ കാക്കാച്ചിറ നഴ്സറി സ്കൂളിൽ വേക്കൻസി ഉണ്ടാകുന്ന മുറക്കോ ടിയാളെ മാറ്റി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. പഞ്ചായത്തിൽ സർക്കാർ അംഗീകൃത തസ്തികകളാണ് നിലവിലുള്ളത്. ആയതിനാൽ പഞ്ചായത്തിലെ ഔദ്യോഗീക ചുമതലകൾക്കായി 2014 മുതൽ ടിയാളെ നിയമിച്ചതിന് സർക്കാർ അനുമതി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ക്യാൻസർ നിയന്ത്രണ പരിപാടി - പരിശോധനാ സംവിധാനം ആരംഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | S0197/22 |
| പ്രോജക്ട് | ജില്ലാ സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടി രണ്ടാം ഘട്ടം |
| അടങ്കൽ | 50000/- (വികസന ഫണ്ട് – പൊതുവിഭാഗം) |
| ചെലവ് | 50000/- |
| ബിൽ നം./ തിയതി | 28/15.03.22 |
| നിർവഹണം | മെഡിക്കൽ ഓഫീസർ പിഎച്ച്സി |

എറണാകുളം ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 2021-22 വാർഷിക

പദ്ധതിയുടെ ഭാഗമാക്കേണ്ട പൊതു/സംയുക്ത/സംയോജിത പ്രോജക്ടുകൾ സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ 15.02.2021ലെ 61139/ഡിപിസി/ഡിപിഒ/ഇകെഎം നമ്പർ ഉത്തരവിലെ നിർദേശ പ്രകാരം ക്യാൻസർ സ്ക്രീനിംഗിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കാനും, പാപ്സ്മീയർ, എച്ച്പിവി പരിശോധന സൗകര്യം ഏർപ്പെടുത്താനും നിർദേശിച്ചിരുന്നു. ഐഇസി പ്രവർത്തനങ്ങളിലൂടെ കമ്മ്യൂണിറ്റി അവബോധം നടത്താനും, പാപ്സ്മീയർ ടെസ്റ്റ്, എഫ്എൻഎ് കാൻഡ് ടെസ്റ്റ് എന്നിവ നടത്തുന്നതിനാവശ്യമായ ലാബ് മെറ്റീരിയലുകൾ, മെഡിക്കൽ വസ്തുക്കൾ എന്നിവ വാങ്ങാനും നിർദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മാറാടി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ക്യാൻസർ നിയന്ത്രണ പ്രോജക്ടിൽ വിൻസിറ്റ ഹെൽത്ത് കെയർ, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിൽ നിന്നും 50000/- രൂപയുടെ (ഇൻവോയ്സ് നം. 0002642/28.02.2022) ക്യാൻസർ സ്ക്രീനിംഗിന് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുക മാത്രമാണ് ചെയ്തിട്ടുള്ളത്. ജില്ലാ ആസൂത്രണ സമിതിയുടെ നിർദേശ പ്രകാരം കാൻസർ സ്ക്രീനിംഗിന് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടും നാളിതുവരെ ക്യാൻസർ പരിശോധനാ സംവിധാനം ആരംഭിച്ചിട്ടില്ല. കൂടാതെ, ആസൂത്രണ സമിതിയുടെ നിർദേശ പ്രകാരമുള്ള കമ്മ്യൂണിറ്റി അവബോധ പ്രവർത്തനങ്ങൾ ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടില്ല. പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടും കാൻസർ പരിശോധനാ സംവിധാനം ആരംഭിക്കാത്തതിന് വിശികരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 30/08.03.23) 14.03.2023ന് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ വെച്ച് ക്യാൻസർ പരിശോധന ക്യാമ്പ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ -അധിക തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ, | S0160/22, പട്ടികവർഗ്ഗ |

| | |
|---|---|
| പേര് | വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ |
| നിർവഹണം | അസി. സെക്രട്ടറി |
| അടങ്കൽ, ഫണ്ടിനം | 90000/- {വികസന ഫണ്ട് (പൊതുവിഭാഗം) – 19395/-, വികസന ഫണ്ട് (ടി എസ് പി) – 60000/-, തനതുഫണ്ട് – 1605/-] |
| ചെലവ് | 81000/- |
| ബിൽ നം./വൗച്ചർ നം. തിയതി | 24/19.03.22 – 19395/-<br>25/19.03.22 – 19395/-<br>22101220/27.03.22 – 1605/- |

മേൽ പ്രോജക്ട് മുഖേന 2 പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് ലാപ്ടോപ്പ് GeM മുഖേന മാഗെനക് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, ന്യൂഡെൽഹി എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി നൽകിയിട്ടുണ്ട്. ഒരു ലാപ്ട്ടോപ്പിന് 40500/- രൂപ നിരക്കിൽ 2 എണ്ണത്തിന് 81000/- രൂപ ചെലവഴിച്ചാണ് ലാപ്ടോപ്പ് വാങ്ങിയത്. തദ്ദേശ സ്ഥാപനങ്ങൾക്കാവശ്യമായ ലാപ്ടോപ്പുകൾ സി.പി.ആർ.സി.എസ്. പോർട്ടലിൽ നിന്ന് തന്നെ വാങ്ങേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.20 ലെ ഡി.എ1/363/2019 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. കാലതാമസമുണ്ടായാൽ ഇ-ടെണ്ടർ മുഖേന വാങ്ങൽ നടത്താമെങ്കിലും ലാപ്ടോപ്പുകൾക്ക് മേൽ സർക്കുലർ പ്രകാരം നിശ്ചയിച്ച സ്പെസിഫിക്കേഷനും വിലയും സർക്കുലറിൽ സൂചിപ്പിച്ചതിനേക്കാൾ അധികം ആയിരിക്കരുതെന്ന് 07.09.20 ലെ ഡി.എ1/153/2020 നമ്പർ സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. സി.പി.ആർ.സി.എസ് പോർട്ടലിൽ നിന്ന് ലാപ്പ് ടോപ്പ് ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നതിനാൽ 28.02.2022 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ജി.ഒ (ആർ.ടി) 482/2022 നം ഉത്തരവ് പ്രകാരം GeM മുഖേന ലാപ്പ് ടോപ്പ് വാങ്ങാവുന്നതാണ്. ഉബുണ്ടു അധിഷ്ഠിതമായ Intel Core-Processor I3-7020/U/7100U@ 2.3GHz, Memory 4gb DDR-4 RAM/DDR3 RAM Expandable Up To At Least 8gb/16/Gb

ലാപ്ടോപ്പുകൾ വാങ്ങുവാനാണ് 363/2019 നമ്പർ സർക്കുലറിൽ സ്പെസിഫൈ ചെയ്തിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.09.2019 ലെ സർക്കാർ ഉത്തരവ് (ആർ.ടി)2081/2019 പ്രകാരം ഒരു ലാപ്ടോപ്പിന് പരമാവധി 38902/- രൂപയാണ് നികുതിയുൾപ്പെടേ ചെലവഴിക്കാവുവെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ലാപ്ടോപ്പ് ഒന്നിന് നികുതിയുൾപ്പെടെ 40500/- രൂപയാണ് നല്കിയിട്ടുള്ളത്. ഒരു ലാപ്ടോപ്പിന് 1598/- രൂപ് അധികം നല്കിയിട്ടുണ്ട്. ആയതിനാൽ അധികം ചെലവഴിച്ച് ലാപ്ടോപ്പ് വാങ്ങി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 07.03.2023 ൽ നല്കിയ 13-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സർക്കാർ നിർദേശ പ്രകാരമുള്ള ലാപ് ടോപ് GEM-ൽ ലഭ്യമല്ലാതിരുന്നതിനാലാണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ 8GB Ram സ്പെസിഫിക്കേഷനിലുള്ള പ്രസ്തുത ലാപ്ടോപ്പ് വാങ്ങിയതെന്ന് മറുപടി ലഭ്യമാക്കിയത്. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.09.2019 ലെ സർക്കാർ ഉത്തരവ് (ആർ.ടി)2081/2019 പ്രകാരം ഒരു ലാപ്ടോപ്പിന് പരമാവധി 38902/-രൂപയാണ് നികുതിയുൾപ്പെടെ ചെലവഴിക്കാവുവെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ആയതിനാൽ അധികം ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവാക്കുന്നില്ല

മാറാടി ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ B4-ഷെഡ്യൂൾ പ്രകാരം ഏതാനും പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ 2021-22 വർഷത്തിൽ ചെലവഴിച്ചിട്ടില്ല. 2020-21ൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക തന്നെയാണ് ഈവർഷവും ബാക്കിയുള്ളത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | അക്കൌണ്ട് ഹെഡ് | 31.03.2022ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | റ്റി എസ് സി (320100115) | 661506/- |
| 2 | ഡബ്ല്യു ജി ഡി പി (320100119) | 10025/- |
| 3 | ആർജിഎസ്എ (320100199) | 90525/- |

| | | |
|---|---|---|
| 4 | ടോട്ടൽ സാനിറ്റേഷൻ ((320300103) | 96697/- |

മേൽ സൂചിപ്പിച്ച പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾക്കായി ലഭിച്ച തുകകൾ പ്രോജക്ട് തയ്യാറാക്കി ചെലവാക്കാത്തതിനും, ചെലവഴിച്ച ശേഷം ബാക്കിയുള്ള തുകകൾ ഗ്രാന്റ് ലഭ്യമാക്കിയ സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 3/08.03.23) പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾക്കായി ലഭിച്ച തുകകൾ 2023-24 വർഷത്തിൽ പ്രോജക്ട് തയ്യാറാക്കി ചെലവഴിക്കുന്നതിനും, ചെലവഴിച്ച ശേഷം ബാക്കിയുള്ള തുകകൾ ഗ്രാന്റ് ലഭ്യമാക്കിയ സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-24 ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല</u>

| | |
|---|---|
| പ്രോജക്ട് നം. | S040/22 |
| പ്രോജക്ട് | ലൈഫ് ഭവനപദ്ധതി (ഭവനനിർമ്മാണം) |
| അടങ്കൽ, ഫണ്ട് | 14000000/-[വികസന ഫണ്ട് ( പൊതുവിഭാഗം) -891000/-<br>സംസ്ഥാന വിഹിതം – 5609000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 2500000/-<br>ജില്ലാപഞ്ചായത്ത് വിഹിതം -5000000/-] |
| ചെലവ് | 3280000/- |
| നിർവഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മേൽ സൂചിപ്പിച്ച പദ്ധതിയിൽ 40 ഗുണഭോക്താക്കൾക്ക്

ഭവനനിർമ്മാണത്തിനായി ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 07.10.2021ലെ 7-ാം നമ്പർ ട്രഷറി ബിൽ പ്രകാരം 40000/- (UTR നം. RB12812199336082/07.10.21)രൂപ കൈപ്പറ്റിയ രുഗ്മിണി എം വി, കിഴക്കേക്കര, മാറാടി എന്ന ഗുണഭോക്താവ് മാത്രം നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. ഭവനനിർമ്മാണത്തിനായി ആദ്യ ഗഡു കൈപ്പറ്റി, പണി ആരംഭിക്കാത്ത ഗുണഭോക്താവിൽ നിന്നും ടിയാൻ കൈപ്പറ്റിയ തുക തിരികെ ഈടാക്കുകയോ, ഭവനനിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 35/09.03.2023) ബന്ധപ്പെട്ട ഗുണഭോക്താവിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, ഭവനനിർമ്മാണം ഉടൻ ആരംഭിക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ബഡ്സ് സ്കൂൾ ചെലവ് - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബഡ്സ് സ്കൂൾ ചെലവുകൾ |
| പ്രോജക്ട് നം. | S039/22 |
| അടങ്കൽ, ഫണ്ട് | 700000/-/-<br>(തനതുഫണ്ട് – 400000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 300000/-) |
| ചെലവ് | 467498/- |
| വൌച്ചർ നം./ബിൽ നം. തിയതി | 01/21-22/29.06.21 – 41000/-<br>22100129/18.05.21 -41000/-<br>03/21-22/09.07.21 – 41000/-<br>05/21-22/06.08.21 – 41000/-<br>07/21-22/15.09.21 – 41000/-<br>08/21-22/15.09.21 – 41000/-<br>11/21-22/03.11.21 – 41000/- |

| | |
|---|---|
| | 22100745/24.12.21 – 6307/-<br>22100873/06.01.22 – 41000/-<br>22100977/04.02.22 – 41000/-<br>17/21-22/06.01.22 – 41000/-<br>22101178/10.03.22 – 41000/-<br>21/21-22/07.03.22 – 3541/-<br>22101035/24.02.22 – 6650/- |
| നിർവഹണം | അസി. സെക്രട്ടറി |

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രോജക്ടിൽ ബഡ്സ് സ്കൂളിലെ ഒരു ടീച്ചറുടേയും, രണ്ട് ഹെൽപ്പർമാരുടേയും വേതനത്തിനായി 451000/- (ടീച്ചർ 25000/-, ഹെൽപ്പർ – 10000/-, 6000/-) രൂപയും, ഭക്ഷണസാധനങ്ങൾ വാങ്ങുന്നതിനായി 16498/- രൂപയും ചെലവായിട്ടുണ്ട്. പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്.

1) ബഡ്സ് സ്കൂളിൽ ഒരു ഹെൽപ്പറെ മാത്രം നിയമിക്കുന്നതിനാണ് സർക്കാർ അനുമതിയുള്ളത്. എന്നാൽ, മാറാടി ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിൽ രണ്ട് ഹെൽപ്പർമാരെ നിയമിച്ചിട്ടുണ്ട്. സർക്കാർ അനുമതി ഇല്ലാതെയാണ് ഒരു ഹെൽപ്പറെ അധികമായി നിയമിച്ചത്.

2) 14.02.2018ലെ സ. ഉ. (കൈ) 22/2018/ത.സ്വ.ഭ.വ. നം. സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള യോഗ്യത ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് ബഡ്സ് സ്കൂൾ ജീവനക്കാരുടെ നിയമന ഫയലുകൾ ഹാജരാക്കിയില്ല.

ഒരു ഹെൽപ്പറെ അധികമായി നിയമിച്ചതിന് സർക്കാർ അനുമതി വാങ്ങേണ്ടതും, ബഡ്സ് സ്കൂൾ ജീവനക്കാരുടെ നിയമന ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-26 സർക്കാരിലേക്ക് അടക്കാനുള്ള തുക അടവാക്കിയില്ല

2021-22 വർഷത്തെ ബാലൻസ് ഷീറ്റിലെ B 9 പത്രിക പ്രകാരം താഴെ പറയുന്ന തുകകൾ സർക്കാരിലേക്ക്/മറ്റ് സ്ഥാപനങ്ങളിലേക്ക് അടവാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്.

| ക്രമ നം | അക്കൗണ്ട് ഹെഡ് | ഫണ്ട് ഇനം | തുക (രൂപയിൽ) |
|---|---|---|---|
| 1 | 350300107 | Government And Other Dues Payable - River Management Fund | 623930/- |
| 2 | 350300103 | Government And Other Dues Payable – Value Added Tax | 568894/- |

മുൻ വർഷങ്ങളിലെ ബി 9 പത്രികയിലും ഈ തുകകൾ നീക്കിയിരിപ്പുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ടിലേക്കും, വാല്യു ആഡഡ് ടാക്സ് ഇനത്തിൽ സർക്കാരിലേക്കും അടവാക്കാനുള്ള തുകയാണിത്. ടി തുകകൾ സർക്കാരിലേക്ക് അടവാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് എൻക്വയറി നം. (32/09.03.2023) മറുപടി ലഭിച്ചില്ല. ആയതിനാൽ, റിവർ മാനേജ്മെന്റ് ഫണ്ടിലേക്കും, വാല്യു ആഡഡ് ടാക്സ് ഇനത്തിൽ സർക്കാരിലേക്കും അടവാക്കാനുള്ള തുകകൾ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

.

## 1-27 Refund Of Unutilised Grants – തുടർനടപടികൾ സ്വീകരിച്ചില്ല

മാറാടി ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രികയിലെ B9 ഷെഡ്യൂൾ പ്രകാരം Government And Other Dues Pyable Refund Of Unutilised Grants എന്ന ശീർഷകത്തിൽ 23540/ രൂപ അക്കൗണ്ട് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ ടിഎസ്ബി അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റാവാതെ ട്രഷറി സസ്പെൻസ് അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ ടിഎസ്ബി അക്കൗണ്ടിൽ തന്നെ EPOC (Electronic Process Of Clearing Bills) ആയി ലഭിച്ച തുകയാണിത്. ടി തുക ഏത് പ്രോജക്ടിന്റെ ഭാഗമായി റീഫണ്ടായി ലഭിച്ചതാണെന്നും, ആയത് ബന്ധപ്പെട്ട ഗുണഭോക്താവിന്റെ കൃത്യമായ

അക്കൗണ്ടിലേക്ക് നൽകുന്നതിന് നടപടി സ്വീകരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.(33/09.03.2023) മറുപടി ലഭിച്ചില്ല. ആയതിനാൽ, ടി തുക ഏത് പ്രോജക്ടിന്റെ ഭാഗമായി റീഫണ്ടായി ലഭിച്ചതാണെന്ന് പരിശോധിച്ച്, ആയത് ബന്ധപ്പെട്ട ഗുണഭോക്താവിന്റെ കൃത്യമായ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 നെൽകൃഷി വികസനം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം ,പേര് | 25/21-22, നെൽകൃഷി വികസനം |
| അടങ്കൽ ,ഫണ്ട് | 610440/-, വികസനഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം ,തീയതി, തുക | വികസന ഫണ്ട് (പൊതുവിഭാഗം) (244674)<br>21120252099900932477, 12.01.2022, 73916/-<br>21120252099909323872, 12.01.2022, 66072/-<br>21120252099900910763 10.01.2022, 35598/-<br>21120252099900705881, 25.11.2021, 69088/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം (59163)<br>21120252099900870812, 31.12.2021, 16060/-<br>21120252099900964738, 18.01.2022, 24349/-<br>21120252099900705903, 20.11.2021, 22754/- |

| | |
|---|---|
| | <u>ജില്ലാ പഞ്ചായത്ത് വിഹിതം</u>(216603)<br>2112025209900978312, 18.01.2022, 89811/-<br>2112025209901098303, 10.02.2022, 36981/-<br>21120252099001321985, 14.03.2022, 89811/-<br><u>ഗുണഭോക്തൃവിഹിതം</u> (നേരിട്ട് ചെലവഴിക്കുന്നത്) 90000/-<br>ആകെ ചെലവ് 610440/- |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ , മാറാടി ഗ്രാമപഞ്ചായത്ത് |

ഗ്രാമ പഞ്ചായത്തിലെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വികസനത്തിനുമായി 50% സബ്സിഡി നിരക്കിൽ രാസവളവും 75% സബ്സിഡി നിരക്കിൽ കക്ക, കുമ്മായം എന്നിവയും നെൽക്കൃഷിക്ക് കൂലിചെലവും നല്കുകയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകങ്ങൾ കാണുന്നു.

പഞ്ചായത്തീരാജ്, നഗരപാലിക സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ജനകീയാസൂത്രണ പദ്ധതികൾക്കായി 14.02.2018 ൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ക്രമനം 6.1 (കൃഷി) 6 ൽ ഭുവിസ്തൃതിക്കാനുപാതികമായി (പാട്ടക്കൃഷി ഉൾപ്പെടെ) ആനുകൂല്യം നല്കാവുന്നതാണെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. ആയതനുസരിച്ച് അപേക്ഷകർ നല്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭുവിസ്തൃതിക്കാനുപാതികമായി നെൽക്കൃഷി ചെയ്തിട്ടുണ്ടെന്ന് കൃഷി ഓഫീസർ പരിശോധിച്ച് കൂലിച്ചെലവ് അനുവദിക്കാവുന്നതാണ്. എന്നാൽ നിലവിൽ 71 ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് നെൽക്കൃഷിക്ക് കൂലിച്ചെലവ് അനുവദിച്ചിട്ടുണ്ട്.

എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ കൃഷി അസിസ്റ്റന്റിന്റെയോ, അസിസ്റ്റന്റ് കൃഷി ഓഫീസറുടേയോ ശിപാർശ അപേക്ഷയിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. കൂടാതെ ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യമായി തുക അനുവദിച്ചത് കൊണ്ടുള്ള കൃഷി ഓഫീസറുടെ ഉത്തരവില്ല. ഗുണഭോക്താക്കൾ നല്കിയ അപേക്ഷയിലെ ഭൂവിസ്തൃതി മാത്രം പരിഗണിച്ചാണ് നെൽക്കൃഷിക്ക് കൂലിച്ചെലവ് അനുവദിച്ചിട്ടുള്ളത്.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 08.03.2023 ൽ നല്കിയ 29-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖയ്ക്കനുസൃതമായി പദ്ധതികൾ നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

.

## 1-29 തെങ്ങിലെ രോഗകീടനിയന്ത്രണം -അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം ,പേര് | 64/21-22, തെങ്ങിലെ രോഗകീട നിയന്ത്രണം |
| അടങ്കൽ ,ഫണ്ട് | 270960/- വികസനഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം ,തീയതി, തുക | 211202520999009 10768, തീ.10.01.2022, 135480/- ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) 135480/- ആകെ ചെലവ് 270960/- |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ ,മാറാടി ഗ്രാമപഞ്ചായത്ത് |

ഒരു തെങ്ങിന് 50% (60 രൂപ) ഗുണഭോക്തൃവിഹിതവും 50% (60 രൂപ) സർക്കാർ സബ്സിഡിയും (ആകെ 120 രൂപ) നല്കി ഗ്രാമ പഞ്ചായത്തിലെ തെങ്ങുകളുടെ മണ്ട വൃത്തിയാക്കി പാകമായ തേങ്ങകൾ വിളവെടുക്കുകയും തെങ്ങുകൾക്ക് അസുഖം വരാതിരിക്കുവാൻ മരുന്ന് തളിച്ച് ആരോഗ്യത്തോടെ സംരക്ഷിക്കുകയും ചെയ്യുകയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 7860 രൂപ വികസന ഫണ്ടിൽ നിന്ന് അധികം നല്കേണ്ടി വന്നിട്ടുണ്ട്.വിശദവിവരം ഭാഗം 3-1 ൽ ചേർത്തിട്ടുണ്ട്.

**1-30 കുടിവെള്ള പദ്ധതി -അധിക തുക നൽകൽ - എസ്റ്റിമേറ്റ് ലഭ്യമാക്കേണ്ടതാണ്.**

**1)**

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്.0171/21-22, കുന്നുംപുറം ലക്ഷം വീട് കുടിവെള്ള പദ്ധതി പൂർത്തീകരണം – അധിക തുക നൽകൽ |
| അടങ്കൽ, ഫണ്ട് | 30000/-, ധനകാര്യക്കമ്മീഷൻ ഗ്രാന്റ് |
| ബിൽ നം.തീയതി, തുക | 211202520139008215З6.തീ.21.12.2021, 30000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, മാറാടി ഗ്രാമപഞ്ചായത്ത് |

2)

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്.0172/21-22, കക്കാലംപാറ കുടിവെള്ള പദ്ധതിയിൽ നിന്ന് പി.എച്ച്.സിയിലെക്ക് പൈപ്പ് |

| | |
|---|---|
| | ലൈൻ നീട്ടൽ അധിക തുക നൽകൽ |
| അടങ്കൽ, ഫണ്ട് | 80000/-ധനകാര്യക്കമ്മീഷൻ ഗ്രാന്റ് |
| ബിൽ നം.തീയതി, തുക | 21120252013900821544.തീ.21.12.2021, 80000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, മാറാടി ഗ്രാമപഞ്ചായത്ത് |

മേൽ പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ നിന്ന് യഥാക്രമം 750000/- രൂപ, 250000/- രൂപ എന്നിങ്ങനെ നല്കിയിട്ടുണ്ട്. പദ്ധതി ടെണ്ടർ ചെയ്തിട്ടും ഏറ്റെടുക്കുവാൻ കരാറുകാർ ആരും തന്നെ തയ്യാറാകാതിരുന്നതിനാൽ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അധിക തുക ഗ്രാമ പഞ്ചായത്തിനോടാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ ബില്ലുകൾ പ്രകാരം 110000/-രൂപ മേൽ പദ്ധതി പൂർത്തീകരിക്കുന്നതിന് നല്കിയിട്ടുണ്ട്. ആയതിനാൽ മേൽ പദ്ധതിക്കായി തയ്യാറാക്കിയ മുൻ എസ്റ്റിമേറ്റും, പുതുക്കിയ എസ്റ്റിമേറ്റും പരിശോധനയ്ക്കായി ഹാജരാക്കിയില്ല. കൂടാതെ പദ്ധതി നടപ്പിലാക്കുന്നതിനായി മുൻവർഷം കേരള വാട്ടർ അതോരിറ്റിക്ക് തുക നല്കിയ തീയതി, പ്രോജക്ട് നമ്പർ, അടങ്കൽ, ഫണ്ട് എന്നിവയും, പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 06.03.2022ൽ നല്കിയ 8ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ കക്കാലംപാറ കുടിവെള്ള പദ്ധതിയിൽ നിന്ന് പി.എച്ച്.സിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ അധിക തുക നൽകൽ (എസ്.0172/21-22) എന്ന പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് മാത്രം ഹാജരാക്കി. മേൽ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോരിറ്റി, മൂവാറ്റുപുഴയും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാർ വ്യവസ്ഥയിൽ പ്രവർത്തിയുടെ ആരംഭം, പ്രവൃത്തിയുടെ പൂർത്തീകരണം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ എഴുതി ചേർത്തിട്ടില്ല. ആയതിനാൽ തന്നെ നിർവ്വഹണ ഏജൻസി പ്രവൃത്തി

നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുമ്പോൾ അധികരിച്ച് വരുന്ന ചെലവ് തദ്ദേശ സ്വയം ഭരണ സ്ഥാപനം വഹിക്കേണ്ടതായി വരുന്നു. ആയതിനാൽ വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നി നിർവ്വഹണ ഏജൻസികളുമായി ഡെപ്പോസിറ്റ് വർക്കിൽ ഏർപ്പെടുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ഭാവിയിൽ നഷ്ടം സംഭവിക്കാത്ത രീതിയിൽ കരാർ വ്യവസ്ഥ ചമയ്ക്കേണ്ടതും, സമയ ബന്ധിതമായി തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-31 ഇൻസിനറേറ്റർ സ്ഥാപിക്കൽ- ടെണ്ടർ ക്ഷണിച്ചില്ല.

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പി.എച്ച്.സി, പഞ്ചായത്ത് കോമ്പൗണ്ട് എന്നിവിടങ്ങളിൽ യഥാക്രമം 80 Kg, 50 Kg ബേണിംങ് കപ്പാസിറ്റിയുള്ള ഇൻസിനറേറ്റർ സ്ഥാപിച്ച് ഖരമാലിന്യ സംസ്ക്കരണം നടത്തുന്നതിലേയ്ക്കായി 30.11.2021 ലെ 1(1) കമ്മറ്റി തീരുമാനപ്രകാരം താഴെപ്പറയുന്ന പ്രോജക്ട് മുഖേന പദ്ധതി നടപ്പിലാക്കുവാൻ RAIDCO, Kerala Ltd തിരഞ്ഞെടുക്കുകയും 490000/ നല്കിയിട്ടുമുണ്ട്.

| | |
|---|---|
| പ്രോജക്ട് | എസ് 0095/21-22 പി.എച്ച്.സി, പഞ്ചായത്ത് കോമ്പൗണ്ടുകളിൽ ഇൻസിനേറ്റർ സ്ഥാപിക്കൽ |
| നിർവഹണം | സെക്രട്ടറി, മാറാടി ഗ്രാമ പഞ്ചായത്ത് |
| അടങ്കൽ,ഫണ്ട് | 490000/-ധനകാര്യകമ്മീഷൻ അവാർഡ് (ടൈഡ് ഫണ്ട്) |
| ചെലവ് | തുക490000/- വൗച്ചർ നം22101232,തിയതി 24.03.2022 |

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകങ്ങൾ കാണുന്നു.

1) ഇൻസിനറേറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2.12.14ലെ 71875/ DC1/2014നമ്പർ സർക്കുലർ അനുസരിച്ച്

ശുചിത്വമിഷൻ /മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനയ്ക്കും ശിപാർശയ്ക്കും ശേഷവും സർക്കാരിൽ നിന്നും മുൻകൂർ അംഗീകാരം വാങ്ങിയ ശേഷവുമാണ് തദ്ദേശസ്ഥാപനങ്ങൾ ഇത്തരം മാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടത്. സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചാണോ ഇൻസിനറേറ്റർ വാങ്ങി സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

2) ഇൻസിനറേറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതായി കാണുന്നുന്നില്ല. ഇൻസിനറേറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിക്കാതെ RAIDCO, Kerala Ltd നെ തിരഞ്ഞെടുക്കാമെന്നുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 04.03.2022 ൽ നല്കിയ 6ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മാലിന്യ സംസ്ക്കരണത്തിനായി അക്രെഡിറ്റഡ് ഏജൻസിയായ RAIDCO, Kerala Ltd സർക്കാർ അംഗീകരിച്ച് കൊണ്ടുള്ള 12.12.2019 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നം 2834/2019 പരിശോധനയ്ക്കായി ഹാജരാക്കി. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21.10.2020 ലെ സർക്കാർ ഉത്തരവ് (സാധാ) നം 1978/2020 പ്രകാരം അക്രെഡിറ്റഡ് ഏജൻസികളിൽ നിന്ന് ബിഡിംങ് മുഖേനയാണ് ഒരു പ്രവൃത്തിയ്ക്ക് അനുയോജ്യമായ ഏജൻസിയെ തിരഞ്ഞെടുക്കേണ്ടതെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ആയതിനാൽ തുടർന്നുള്ള ഇത്തരം പ്രവൃത്തികൾ നടത്തുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. കൂടാതെ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2.12.14ലെ 71875/ DC1/2014നമ്പർ സർക്കുലർ അനുസരിച്ച് ശുചിത്വമിഷൻ /മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനയ്ക്കും ശിപാർശയ്ക്കും ശേഷവും സർക്കാരിൽ നിന്നും മുൻകൂർ അംഗീകാരവും വാങ്ങേണ്ടതാണ്.

## 1-32 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

1)

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്.0102/21-22, തെരുവ് വിളക്ക് മീറ്ററിംങ് ആക്കിമാറ്റൽ |
| അടങ്കൽ, ഫണ്ട് | 89208/-, ധനകാര്യക്കമ്മീഷൻ ഗ്രാന്റ് |
| ബിൽ നം.തീയതി, തുക | വൗച്ചർ നം 22101233. 24.03.2022, 89208/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, മാറാടി ഗ്രാമപഞ്ചായത്ത് |

മാറാടി ഗ്രാമ പഞ്ചായത്തിന്റെ നിലവിലുള്ള തെരുവ് വിളക്കുകളിൽ 14 സ്ഥലങ്ങളിൽ നിലാവ് പദ്ധതി പ്രകാരം മീറ്ററിംങ് സമ്പ്രദായത്തിലേക്ക് മാറ്റുന്നതിന് 09.06.2021 ൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നല്കിയ സി3-1931/21-ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. മൂവാറ്റുപുഴ 23.07.2021ലെ PSS Nilayu/2021-22/96 പ്രകാരമുള്ള എസ്റ്റിമേറ്റ് പ്രകാരം തുക നല്കുന്നതാണ് പ്രോജക്ട്. ആയത് പ്രകാരം ഒരു യൂണിറ്റ് മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറ്റുന്നതിന് 10800/- രൂപ നിരക്കിൽ 14 യൂണിറ്റുകൾക്ക് 151200/- രൂപയിൽ നിലാവ് പദ്ധതിക്കായുള്ള 50% കിഴിവ് അനുവദിച്ച് 75600/- രൂപയും അതിന്റെ ജി.എസ്.ടി.യുമുൾപ്പെടെ 89208/-രൂപ കെ.എസ്.ഇ.ബി. മൂവാറ്റുപുഴയുടെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സെക്രട്ടറിയും എക്സിക്യൂട്ടീവ് എഞ്ചിനീയറും ചേർന്ന് ചമച്ച കരാർ വ്യവസ്ഥകളിലെ ക്ലോസ് 6 പ്രകാരം പ്രവൃത്തി ആരംഭം സംബന്ധിച്ചും പൂർത്തീകരണം സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ എഴുതി ചേർത്തിട്ടില്ല. കൂടാതെ 14 സ്ഥലങ്ങളിലും മീറ്ററിംഗ് സമ്പ്രദായം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം (കരാർ വ്യവസ്ഥകളിലെ ക്ലോസ് 7 പ്രകാരം) ലഭ്യമാക്കേണ്ടതാണ്.

2)

| ക്രമനം | പ്രോജക്ട് നം, പേര് | അടങ്കൽ, ഫണ്ട് | ബിൽ നം.തീയതി, തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | എസ്.0169/21-22, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ, ലൈൻ ഷിഫ്റ്റിംങ് | 355925/-, ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ബേസിക്) | വൗച്ചർ നം 22101234. 24.03.2022, 199917/- വൗച്ചർ നം 22101240. 24.03.2022, 89208/- ആകെ 289125 |
| 2 | എസ്.0168/21-22, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 442000/-, ധനകാര്യക്കമ്മീഷൻ ഗ്രാന്റ് . | വൗച്ചർ നം 22101857. 18.01.2022, 442000/- |
| 3 | എസ്.92/21-22, 7-ാം വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | 300000/-, ധനകാര്യക്കമ്മീഷൻ ഗ്രാന്റ് . (ടൈഡ് ഫണ്ട്) | വൗച്ചർ നം 22101858. 18.01.2022, 300000/- |

പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 04.03.2022 ൽ നല്കിയ 5-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച (89208+ 289125 + 442000+ 300000) 1120333/- രൂപ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 പെണ്ണാട് വിതരണം അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0017/2021-22, വനിതകൾക്ക് ആട് വിതരണം (പട്ടികജാതി വിഭാഗം) |

| | |
|---|---|
| അടങ്കൽ ഫണ്ട് | 157500/-വികസന ഫണ്ട് (എസ്.സി.പി)<br>52500/- ഗുണഭോക്തൃവിഹിതം<br>ആകെ അടങ്കൽ 210000/- |
| ബിൽ നം, തീയതി, ചെലവ് | 21120252000101190918, 23.02.2022, 10500/-<br>21120252000101135289, 16.02.2022, 115500/-<br>3500/-, വൗച്ചർ നം.22101133.തീയതി 28.02.2022<br>38500/-,വൗച്ചർ നം.22101136. തീയതി 24.02.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, മാറാടി ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗക്കാരായ വനിതകൾക്ക് ഓരോ ഗുണഭോക്താവിനും 2 വീതം പെണ്ണാട് വാങ്ങി വിതരണം ചെയ്യുകയാണ് പ്രോജക്ടിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും.

ജില്ലാതല യുണിറ്റ് കോസ്റ്റ് പ്രകാരം ഒരു ആടിന് 75% സബ്സിഡി നിരക്കിൽ ഒരാടിന് 3750/- രൂപ മാത്രമേ അനുവദിക്കാവുവെന്നിരിക്കേ നിർവ്വഹണോദ്യോഗസ്ഥൻ 7000/- രൂപ യുണിറ്റ് കോസ്റ്റ് കണക്കാക്കി ഒരാടിന് 5250/- രൂപ സബ്സിഡിയായി നല്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 12ഗുണഭോക്താക്കൾക്ക് രണ്ട് ആട് വീതം ഗുണഭോക്തൃ വിഹിതം ഉൾപ്പടെ (12x2x7000) 168000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് അധികമായി നിർണ്ണയിച്ചത് മൂലം വികസന ഫണ്ടിൽ നിന്നും 36000/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദവിവരം ഭാഗം 3-2 ൽ ചേർത്തിട്ടുണ്ട്.

.

## 1-34 കന്നുകുട്ടി പരിപാലനം - തുക തിരികെ ലഭിച്ചിട്ടില്ല..

| | |
|---|---|
| പ്രോജക്ട് നം,പേര് | 109/22 കന്നുകുട്ടി പരിപാലന പദ്ധതി, |
| അടങ്കൽ,ഫണ്ട് | 312500/-, വികസന ഫണ്ട് (പൊതുവിഭാഗം)<br>312500/- സംസ്ഥാനാവിഷ്കൃതം |
| ബിൽ നം, തീയതി, ചെലവ് | ബിൽ21120252000100806008, തീ.18.12.2021 തുക 312500/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, മാറാടി ഗ്രാമപഞ്ചായത്ത് |

മാറാടി ഗ്രാമപഞ്ചായത്തിലെ 4-6 മാസം പ്രായമായ കന്നുകുട്ടികളെ സംരക്ഷിക്കുന്നതിന്, മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം കൈമാറുന്നതിന് വേണ്ടി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. 4-6 മാസം പ്രായമുള്ള കന്നുകുട്ടികളുടെ ഉടമസ്ഥരായ ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. 4 മാസം മുതൽ പ്രസവിക്കുന്നതു വരെയോ അല്ലെങ്കിൽ 32 മാസം പ്രായമാകുന്നതു വരെയോ (ഏതാണ് നേരത്തെ അതുവരെ) ആണ് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നത്. ഒരു ഗുണഭോക്താവിന് 6250/-രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും 6250/-രൂപ മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതവുമാണ് (ഒരാൾക്ക് ആകെ സബ്സിഡി 12500/-). മേൽ പദ്ധതികൾ പ്രകാരം യഥാക്രമം 50 ഗുണഭോക്താക്കൾക്ക് ക്ഷീരസഹകരണ സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. മേൽ ബില്ല് പ്രകാരം 312500/-രൂപ പിൻവലിച്ച് പ്രോജക്ട് ഓഫീസർ, ഐ.സി ഡി പി, ആലുവ യുടെ അക്കൗണ്ടിലേക്ക് (799011400003312) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഐ.സി.ഡി.പി. പ്രോജക്ട് ഓഫീസർ തുക കൈപ്പറ്റിയതിന്റെ രശീത്, പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

യഥാക്രമം 27.02.2022 തീയതിയിൽ ആരംഭിച്ച ഇനിയും തുടർന്നു കൊണ്ടിരിക്കുന്ന പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട് പരിശോധിച്ചതിൽ കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം 3 ഗുണഭോക്താക്കൾ മാത്രമേ കാലിത്തീറ്റ വാങ്ങിയിട്ടുള്ളു. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കാലിത്തീറ്റയ്ക്ക് നല്കിയ തുക | കാലിത്തീറ്റ വാങ്ങിയ തുക | ഇനിയും വാങ്ങാനുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ശ്രീ.പൗലോസ് സി.എം ഉള്ളിനാൽ | 12500 | 8205 | 4295 | കിടാരിയെ ഒഴിവാക്കി |
| 2 | ശ്രീ.ശശി.കോട്ടുക്കൽ | 12500 | 6399 | 6101 | കിടാരിയെ ഒഴിവാക്കി |
| 3 | ശ്രീ.ജോർജ്.ടി.ജെ | 12500 | 7302 | 5198 | കിടാരിയെ ഒഴിവാക്കി |
| | ആകെ | 37500 | 21906 | 15594 | |

മേൽ ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും തുടർന്ന് കാലിത്തീറ്റ വാങ്ങിയതായി കാണുന്നില്ല. പ്രസ്തുത ഗുണഭോക്താക്കൾക്കായി വകയിരുത്തിയ തുകയിൽ ബാക്കിയായ 15594/-രൂപ തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 04.03.2022 ൽ നല്കിയ 1ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിലവിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും മൃഗസംരക്ഷണ വകുപ്പിൽ നിന്നും 312500/-രൂപ വീതം പിൻവലിച്ച് ആകെ 625000/- രൂപ നൽകിയതിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ 312500/-രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇനി ചെലവഴിക്കുവാൻ ബാക്കിയുള്ളത് മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള തുകയാണെന്നും ആയതിനാൽ പ്രോജക്ട് ഓഫീസർ, ഐ.സി ഡി പി, ആലുവയിൽ നിന്നും കിട്ടാനുള്ള 15594/- രൂപ തിരികെ ഈടാക്കേണ്ടതില്ലെന്നുമാണ് മറുപടി

ലഭ്യമാക്കിയത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. പ്രോജക്ട് ഓഫീസറിൽ നിന്നും കിട്ടാനുള്ള 15594 രൂപ സർക്കാർ ഫണ്ടാണ്. ആയത് രണ്ട് വകുപ്പിൽ നിന്നുള്ളതും ഗുണഭോക്തൃവിഹിതവും ചേർന്ന് തുല്യമായാണ് ചെലവഴിക്കപ്പെടുന്നത്. ആയതിനാൽ ലഭിക്കുവാനുള്ള തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡുകളിൽ തിരികെ അടവാക്കി ആയതിന്റെ രസീത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 1-35 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ഠ മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

(2) പ്രിലിമിനറി എഗ്രിമെന്റിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്കായി സൂക്ഷിച്ചിരിക്കുന്നു.

(3) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

(4) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇ.എം.ഡി തുക, രസീത് നമ്പർ, തീയതി രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(5) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ

കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(6) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യു.ഡി മാനുവൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(7) ഫയലുകളിൽ സൂക്ഷിച്ചിട്ടുള്ള സെലക്ഷൻ നോട്ടീസ് പകർപ്പുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

(8) മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/21-22)നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## <u>1-36 തനത് ഫണ്ട് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല</u>

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ബാങ്ക് നീക്കിയിരിപ്പ് പത്രിക പരിശോധിച്ചതിൽ (RP 40(b) Bank) തനത് ഫണ്ട് കൈകാര്യം ചെയ്യുന്ന EDCB സേവിംങ്സ് അക്കൗണ്ട് നം. 14331280400001 1 31-03-2022ൽ 5881/- രൂപ നീക്കിയിരിപ്പ് ഉണ്ട്. പ്രസ്തുത അക്കൗണ്ടിൽ 23.6.2017 നു ശേഷം യാതൊരുവിധ പണമിടപാടുകളും നടത്തിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ പ്രസ്തുത അക്കൗണ്ടിൽ നിന്നും യാതൊരു തുകയും പലിശ ഇനത്തിൽ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. 20.11.2014 മുതലുള്ള സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 14-15 സാമ്പത്തീക വർഷത്തിൽ 10 മുതൽ 18 ലക്ഷം രൂപവരെയും, 15-16 സാമ്പത്തിക വർഷത്തിൽ 14 മുതൽ 1 ലക്ഷം വരെയും

പ്രതിദിന നിക്കിയിരുപ്പുണ്ടായിരുന്നതായി കാണുന്നു. ടി കാലയളവിലും പലിശ ലഭിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/21-22) ലഭ്യമാക്കിയ മറുപടിയിൽ പലിശ ലഭിക്കുന്നതിനായി ബാങ്കിലേയ്ക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. മറ്റ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1. EDCB അക്കൗണ്ട് തുടങ്ങിയ തീയതി, നാളിതുവരെയായി പലിശ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം .

2. പലിശ ലഭ്യമാക്കാത്തത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് നൽകിയ കത്തിടപാടുകൾ സംബന്ധിച്ച വിവരങ്ങൾ .

തനത് ഫണ്ട് നിക്ഷേപിക്കുന്ന അക്കൗണ്ടായതിനാൽ അക്കൗണ്ട് ഓപ്പറേറ്റ് ചെയ്തതുമുതലുള്ള പലിശ EDCB യിൽ നിന്നും ലഭിക്കുന്നതിന് ഭരണസമിതിയും സെക്രട്ടറിയും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 തോടുകളുടെ പുനരുദ്ധാരണം - പ്രവർത്തിയ്ക്ക് ഉയർന്ന നിരക്കിൽ ജി.എസ്.റ്റി അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | : 246/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസി.എഞ്ചിനിയർ |
| കൺവീനർ | : സാബു വിജയൻ |
| എം.ബുക്ക് | : 576/20-21 |
| പ്രവൃത്തി മൂല്യം | : 88883/- |
| ബിൽ നം. | : ടി.ആർ.എൻ - 011965/5.11.21 |

തോടുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് തോടിന് ആഴം കുട്ടുന്ന പ്രവൃത്തിക്ക് കൺവീനർക്ക് തുക അനുവദിച്ചത് 12% GST ഉൾപ്പെടെയാണ്. 2017ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119പ്രകാരം (കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് റെവന്യൂ) 13.10.2017-ലെ നോട്ടിഫിക്കേഷൻ നം.31/2017) കരാർ പ്രവൃത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5%

GST മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (Composit Supply Of Works Contract As Defined In Clause 119 Of Sec 2 Of The CGST Act 2017 Involving Predominantly Earth Work Ie, Constituting More Than 75% Of The Value Of Work In Contract Provided To Central Government, State Govt., Union Territory, Local Authority, A Govt. Authority Or A Govt. Entity GST Will Be Applicable On 5%).

പ്രസ്തുത പ്രവൃത്തിയിൽ 100%വും എർത്ത് വർക്കാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ ടി പ്രവർത്തിയിൽ 5% ജി.എസ്.റ്റി.യാണ് അനുവദനിയം. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ ഇതിനു വിരുദ്ധമായി 12% GST അനുവദിച്ചതുമൂലം താഴെ പറയും പ്രകാരം അധികചെലവ് വന്നിട്ടുണ്ട്.

| ഇന വിവരം | നൽകിയത് | അനുവദിക്കാവുന്നത് | അധികം നൽകിയത് |
|---|---|---|---|
| പ്രവൃത്തിമൂല്യം | 88883 | 88883 | |
| (+) ജി.എസ്.റ്റി | (12%) 10666 | (5%) 4444 | |
| ആകെ | 99549 | 93327 | 6222 |

## പ്രവൃത്തി നിർവ്വഹണത്തിലെ മറ്റ് അപാകതകൾ

ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നടപ്പാക്കിയ ടി മരാമത്ത് പ്രവൃത്തിയിൽ നിയമാനുസൃതം സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ പാലിക്കപ്പെടാത്തതായി പരിശോധനയിൽ കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) ഗുണഭോക്തൃ കമ്മിറ്റി എഴുതി ഒപ്പിടുന്ന കരാർ ചമച്ചിട്ടില്ല.

(2) പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് കൺവീനറുടേയും, ചെയർമാന്റെയും പേരിൽ ആരംഭിക്കേണ്ട സംയുക്ത ബാങ്ക് അക്കൗണ്ടിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

(3)പ്രവൃത്തിയുടെ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

(4) പ്രവർത്തിയുമായി ബന്ധപ്പെട്ട മസ്റ്റർ റോൾ തയ്യാറാക്കിയിട്ടില്ല.

(5) മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/21-22) ലഭ്യമാക്കിയ മറുപടിയിൽ ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച ഫണ്ട് കുറവായതിനാൽ 6221/- രൂപ കുറിച്ചാണ് കൺവീനർക്ക് തുക നൽകിയതെന്നും, ഓഡിറ്റിൽ നിർദ്ദേശിച്ചിട്ടുള്ള മറ്റ് രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കുന്നു. എം.ബുക്കിൽ ഫൈനൽ ബിൽ പ്രകാരം നൽകുവാനുള്ള തുക കണക്കാക്കിയത് അനുവദനീയമായ ജി.എസ്.ടി നിരക്കിൽ കണക്കാക്കി പ്രവൃത്തിമൂല്യം പുനർ നിർണ്ണയിക്കേണ്ടതും, ബിൽ തുക പൂർണ്ണമായി നൽകിയതായി രേഖപ്പെടുത്തേണ്ടതുമാണ്.
ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ ആവശ്യമായ നടപടി ക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നുള്ളത് ഉറപ്പാക്കേണ്ടതാണ്.

## 1-38 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനീയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏത് ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/21-22) അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-39 ഓഡിറ്റ് ഇംപാക്ട്

ഗ്രാമപഞ്ചായത്തിലെ എൻ.ഇ.എസ്. ഡെന്റൽ സൊലൂഷൻസ്എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന തുകയായ 270/-രൂപ ഓഡിറ്റ് എൻകചയറി (നം.9/6.3.2023) പ്രകാരം രസീതു നമ്പർ 1220104878/G071408 തീയതി 8.3.2023 ൽ ഗ്രാമപഞ്ചായത്തിൽ അടവാക്കി.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 തെങ്ങിലെ രോഗകീടനിയന്ത്രണം -അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം ,പേര് | 64/21-22, തെങ്ങിലെ രോഗകീട നിയന്ത്രണം |
| അടങ്കൽ ,ഫണ്ട് | 270960/-, വികസനഫണ്ട് (പൊതുവിഭാഗം) |

| | |
|---|---|
| ബിൽ നം ,തീയതി, തുക | 21120252099900910768, 10.01.2022, 135480/- ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) 135480/- ആകെ ചെലവ് 270960/- |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ , മാറാടി ഗ്രാമപഞ്ചായത്ത് |

ഒരു തെങ്ങിന് 50% (60 രൂപ) ഗുണഭോക്തൃവിഹിതവും 50% (60 രൂപ) സർക്കാർ സബ്സിഡിയും (ആകെ120 രൂപ) നല്കി ഗ്രാമ പഞ്ചായത്തിലെ തെങ്ങുകളുടെ മണ്ട വൃത്തിയാക്കി പാകമായ തേങ്ങകൾ വിളവെടുക്കുകയും തെങ്ങുകൾക്ക് അസുഖം വരാതിരിക്കുവാൻ മരുന്ന് തളിച്ച് ആരോഗ്യത്തോടെ സംരക്ഷിക്കുകയും ചെയ്യുകയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ട് കൊണ്ട് 07.03.222 ൽ നല്കിയ 16ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് താഴെചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി

1) പഞ്ചായത്തീരാജ്, നഗരപാലിക സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ജനകീയാസൂത്രണ പദ്ധതികൾക്കായി 14.02.2018 ൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ക്രമനം 6.1 (കൃഷി) 15 ൽ "പ്രദേശത്ത് കൃഷിയെ ബാധിക്കുന്ന കീടരോഗങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി കൃഷി ഭവൻ തലത്തിലെ കർഷകസമിതികൾ മുഖാന്തരം നടപ്പിലാക്കണം എന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ തെങ്ങുകളുടെ മണ്ട വൃത്തിയാക്കി മരുന്ന് തളിക്കുന്ന പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് വഴിയാണ് നടപ്പിലാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിനെ തിരഞ്ഞെടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടതിന്

പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് പ്രാവീണ്യമുള്ള തൊഴിലാളികളെ കിട്ടാതിരുന്നതിനാലാണ് അക്രഡിറ്റഡ് ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിനെ തിരഞ്ഞെടുത്തതെന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ഗ്രാമപഞ്ചായത്തിലെ കാർഷിക കർമ്മ സേനയേയും കുടുംബശ്രീ യൂണിറ്റുകളേയും ഇത്തരം പ്രവൃത്തികൾ ഏല്പിക്കേണ്ടതാണ്.മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയൂണിറ്റുകൾ ഇത്തരം പ്രവൃത്തി ഏറ്റെടുത്ത് ചെയ്യുന്നുണ്ട്. സർക്കാർ മാർഗരേഖയിലൂടെ വ്യക്തമാക്കുന്നതും ഇത്തരം സ്വയം സഹായസംഘങ്ങളെ പ്രോത്സാഹിപ്പിക്കലാണ്.

2) തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ കൃഷി ഓഫീസർ തയ്യാറാക്കുന്ന കീടരോഗ ബാധയും നിവാരണ പ്രവർത്തനങ്ങളും സംബന്ധിച്ച റിപ്പോർട്ട് മേൽ ഉദ്യോഗസ്ഥൻ അംഗീകരിക്കണമെന്നും സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. മേൽ ഉദ്യോഗസ്ഥന്റെ അംഗീകാരം സംബന്ധിച്ച റിപ്പോർട്ടും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണെന്ന പരാമർശത്തിന് ലഭ്യമാക്കിയ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നു.

3) KAICO Ltd തൊടുപുഴ ഈ പ്രവൃത്തി ഫലപ്രദമായി ചെയ്തിട്ടുണ്ടെന്ന വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, നിർവ്വഹണോദ്യോഗസ്ഥന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ നിന്ന് ലഭ്യമല്ല. ആയതിന് ലഭ്യമാക്കിയ നിർവ്വഹണോദ്യോഗസ്ഥന്റെ മോണിറ്ററിംഗ് റിപ്പോർട്ട് അംഗീകരിക്കുന്നു. എന്നാൽ തുടർപ്രവർത്തനങ്ങളിൽ വാർഡ് മെമ്പറുടെ സാക്ഷ്യപത്രം നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

4)KAICO Ltd മായി നിർവ്വഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടതിന്റെ രേഖ ഫയലിൽ ചേർത്തിട്ടില്ല. പ്രസ്തുത പരാമർശത്തിന് ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണ ഏജൻസിക്ക് അഡ്വാൻസായി തുകയൊന്നും നല്കാതിരുന്നതിനാലാണ് പ്രസ്തുത ഏജൻസിയുമായി കരാറിൽ ഏർപ്പെടാതിരുന്നതെന്ന് വ്യക്തമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. സർക്കാർ ഏജൻസിയാണെങ്കിലും മേൽ പരാമർശിത പ്രവൃത്തിയിൽ വ്യാപൃതരായിട്ടുള്ള അക്രെഡിറ്റ് ഏജൻസിയല്ല കേരള അഗ്രോ

ഇൻഡസ്ട്രിസ് കോർപ്പറേഷൻ ലിമിറ്റഡ്. പ്രവൃത്തി സുതാര്യമാക്കുന്നതിനും നിയമസാധുത കൈവരിക്കുന്നതിനും, നിർവ്വഹണ ഏജൻസി പദ്ധതി പൂർത്തികരിക്കാതെ പോയാൽ നിയമാനുസൃത നഷ്ടപരിഹാരം ഈടാക്കുന്നതിനുമാണ് കരാർ ചമയ്ക്കുന്നത്. നിലവിൽ വർക്ക് ഓർഡർ നല്കിയതിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണ ഏജൻസി പ്രവൃത്തി ആരംഭിച്ചതും, കൃഷി ഓഫീസർ നല്കിയതിലും അധികമായി പ്രവൃത്തി നടത്തി സ്ഥാപനം നല്കിയ കണക്കിന്റെ അടിസ്ഥാനത്തിൽ (131*60= 7860) 7860/- രൂപ വികസന ഫണ്ടിൽ നിന്ന് അധികം നൽകേണ്ടി വന്നതും. ആയതിനാൽ തുടർ പ്രവർത്തനങ്ങളിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് കരാർ ചമയ്ക്കേണ്ടതാണ്.

5)ഗുണഭോക്തൃ വിഹിതമിനത്തിലുള്ള തുക പഞ്ചായത്തിൽ ഒടുക്കാതെ കെയ്ക്കോ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. ഇതിനായി ഉപയോഗിച്ചതും, ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളതുമായ രസീതുകളുടെ പകർപ്പിൽ തെങ്ങുകളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രസീതിൽ തുക രേഖപ്പെടുത്താത്തതിനാൽ ഗുണഭോക്താക്കളിൽ നിന്നും പ്രസ്തുത സ്ഥാപനം എത്ര തുക വാങ്ങി എന്നത് സംബന്ധിച്ച വ്യക്തമായ കണക്ക് ലഭ്യമല്ല. ഇത് ഗുരുതരമായ ക്രമക്കേടായി ഓഡിറ്റിൽ കാണുന്നു. ഇത് മൂലം തെങ്ങുകളുടെ എണ്ണത്തിന്റെ നിജസ്ഥിതി പരിശോധിക്കുവാൻ സാധ്യമല്ലാതാകുന്നു. ആയതിന് അനുവദിച്ച തെങ്ങുകളുടെ എണ്ണത്തിനും തൊഴിലാളികൾ കയറി മരുന്നൊഴിച്ചതുമായ തെങ്ങുകൾക്ക് മാത്രമാണ് ഗുണഭോക്താവ് ഗുണഭോക്തൃവിഹിതം നല്കിയിട്ടുള്ളതെന്ന് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. നിർവ്വഹണ ഏജൻസി പ്രവൃത്തി ചെയ്തിട്ടുള്ളതായി ലഭ്യമാക്കിയ രസീതിൽ തുക രേഖപ്പെടുത്താത്തതിനാൽ ഗുണഭോക്താക്കളിൽ നിന്നും പ്രസ്തുത സ്ഥാപനം എത്ര തുക വാങ്ങി എന്നത് സംബന്ധിച്ച വ്യക്തമായ കണക്കില്ലാത്തതിനാൽ ആയത് ഗുരുതരമായ ക്രമക്കേടായി ഓഡിറ്റിൽ കാണുന്നു.

6) നിർവ്വഹണ ഏജൻസി പ്രവൃത്തി പൂർത്തിയാക്കിയതായി തയ്യാറാക്കി നല്കിയ വാർഡ് തല ലിസ്റ്റും കൃഷി ഓഫീസർ തയ്യാറാക്കിയ തെങ്ങുകളുടെ വാർഡ് തല ലിസ്റ്റും പരിശോധിച്ചതിൽ അന്തരം കാണുന്നു. വിശദാംശങ്ങൾ

താഴെ ചേർക്കുന്നു.

| കൃഷി ഓഫീസർ തയ്യാറാക്കിയ തെങ്ങുകളുടെ വാർഡ് തല ലിസ്റ്റ് | കയ്ക്കോ വ്യത്തിയാക്കിയ തെങ്ങുകളുടെ വാർഡ് തല ലിസ്റ്റ് | കയ്ക്കോ വ്യത്തിയാക്കിയ അധിക തെങ്ങുകളുടെ വാർഡ് തല ലിസ്റ്റ് |
|---|---|---|
| 2127 | 2258 | 131 |

കൃഷി ഓഫീസർ തയ്യാറാക്കിയ തെങ്ങുകളുടെ വാർഡ് തല ലിസ്റ്റിനേക്കാൾ കയ്ക്കോ വൃത്തിയാക്കിയ തെങ്ങുകളുടെ വാർഡ് തല ലിസ്റ്റ് പ്രകാരം 131 അധികമാണ്. തന്മൂലം സബ്സിഡി ഇനത്തിൽ 7860/- രൂപ (131 X 60=7860) പ്രസ്തുത സ്ഥാപനത്തിന് അധികമായി നൽകിയിട്ടുണ്ട്. ആയതിന് കൃഷി ഓഫീസിൽ നിന്ന് നല്കിയിട്ടുള്ള തെങ്ങുകളുടെ കണക്ക് 2258 ആണെന്നാണ് മറുപടി ലഭ്യമാക്കിയത്. ആയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കൃഷി ഓഫീസർ ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ 2127 തെങ്ങുകളുടെ സബ്സിഡി തുക മാത്രമേ അനുവദിച്ചിട്ടുള്ളു.നിർവ്വഹണ ഏജൻസിയായ കയ്ക്കോ നല്കിയ വൃത്തിയാക്കിയ തെങ്ങുകളുടെ വാർഡ് തല ലിസ്റ്റിൽ മാത്രമാണ് 2258 തെങ്ങുകളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ അധികം നല്കിയ 7860/- രൂപ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയിൽ നിന്ന് ഈടാക്കി വികസന ഫണ്ടിൽ (പൊതുവിഭാഗം) അടവാക്കേണ്ടതാണ്.

## 3-2 പെണ്ണാട് വിതരണം അധികതുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0017/2021-22, വനിതകൾക്ക് ആട് വിതരണം (പട്ടികജാതി വിഭാഗം) |
| അടങ്കൽ ഫണ്ട് | 157500/-വികസന ഫണ്ട് (എസ്.സി.പി)<br>52500/- ഗുണഭോക്തൃവിഹിതം |

| | |
|---|---|
| | ആകെ അടങ്കൽ 210000/- |
| ബിൽ നം, തീയതി, ചെലവ് | 21120252000101190918, 23.02.2022, 10500/-<br>21120252000101135289, 16.02.2022, 115500/-<br>3500/-, വൗച്ചർ നം.22101133.തീയതി 28.02.2022<br>38500/-,വൗച്ചർ നം.22101136.തീയതി 24.02.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, മാറാടി ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ പട്ടികജാതിവിഭാഗക്കാരായ വനിതകൾക്ക് ഓരോ ഗുണഭോക്താവിനും 2 വീതം പെണ്ണാട് വാങ്ങി വിതരണം ചെയ്യുകയാണ് പ്രോജക്ടിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും.

മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & എറണാകുളം ജില്ലാ കളക്ടറുടെ 20.03.2020 ഉത്തരവ് നം 61139/20/ഡി.പി.സി/ഡി.പി.ഒ/ ഇ.കെ.എം പ്രകാരം 2020-21സാമ്പത്തിക വർഷത്തെ ജില്ലാതല യുണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുണ്ട്. (21-22 വർഷത്തേയ്ക്കും ബാധകമായത്) ആയതിൻ പ്രകാരം മൃഗസംരക്ഷണ മേഖലയിൽ ക്രമ നം 3 പ്രകാരം ആട് (മലബാറി 6 മാസം 12 KG ) ഒരു ആടിന് യുണിറ്റ് കോസ്റ്റായി നിർണ്ണയിച്ചിട്ടുള്ളത് 5000/- രൂപയാണ്. 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരം പട്ടികജാതിവിഭാഗത്തിന് പരമാവധി 75% സബ്സിഡിയോടെ നല്കാമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്.

ജില്ലാതല യുണിറ്റ് കോസ്റ്റ് പ്രകാരം ഒരു ആടിന് 75% സബ്സിഡി നിരക്കിൽ ഒരാടിന് 3750/- രൂപ മാത്രമേ അനുവദിക്കാവുവെന്നിരിക്കേ നിർവ്വഹണോദ്യോഗസ്ഥൻ 7000/- രൂപ യുണിറ്റ് കോസ്റ്റ് കണക്കാക്കി ഒരാടിന് 5250/- രൂപ സബ്സിഡിയായി നല്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 12ഗുണഭോക്താക്കൾക്ക് രണ്ട് ആട് വീതം ഗുണഭോക്തൃ വിഹിതം ഉൾപ്പടെ

(12x2x7000) 168000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് അധികമായി നിർണ്ണയിച്ചത് മൂലം വികസന ഫണ്ടിൽ നിന്നും 36000/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. (5250 -3750 =1500 X24=36000 ) അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 04.03.2022ൽ നല്കിയ 2-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് എറണാകുളം ജില്ലയിൽ 2021-22 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾക്കായി ജില്ലാ മൃഗസംരക്ഷണ ഓഫീസർ നല്കിയ യുണിറ്റ് കോസ്റ്റ് അനുസരിച്ചാണ് പ്രോജക്ട് നടപ്പിലാക്കിയതെന്നാണ് മറുപടി ലഭ്യമാക്കിയത്. നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. ഈയിനത്തിൽ ചെലവഴിച്ച 36000/- രൂപ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നോ, ആട് വിതരണം ചെയ്ത വ്യക്തിയിൽ നിന്നോ ഈടാക്കി വികസന ഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 250000 | ലൈഫ് ഭവനപദ്ധതി – സ്ഥലം വാങ്ങൽ (41/22) | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 650000 | ലൈഫ് ഭവനപദ്ധതി – ജനറൽ (40/22) | 650000 | 0 |
| | | 444225 | ലൈഫ് ഭവനപദ്ധതി – എസ് സി (89/22) | 444225 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 400000 | ലൈഫ് ഭവനപദ്ധതി – ജനറൽ (SO 90/22) | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 290541 | ബഡ്സ് സ്കൂൾ ചെലവുകൾ (39/22) | 290541 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 276139 | പാലിയേറ്റീവ് കെയർ (18/22) | 276139 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 250000 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് (33/22) | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 104742 | അങ്കണവാടി പോഷകാഹാരം (29/22) | 104742 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 125000 | ക്ഷീര കർഷകർക്ക് | 125000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പാലിന് ഇൻസെന്റീവ് (36/22) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 19040 | പച്ചക്കറികൃഷി വികസനം (27/22) | 19040 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 59163 | നെൽകൃഷി വികസനം (25/22) | 59163 | 0 |
| **ആകെ** | | 2868850 | | 2868850 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 360000 | ലൈഫ് ഭവനപദ്ധതി – സ്ഥലം വാങ്ങൽ (41/22) | 360000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 600000 | ലൈഫ് ഭവനപദ്ധതി – ജനറൽ (40/22) | 600000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 240000 | ലൈഫ് ഭവനപദ്ധതി - എസ് സി (42/22) | 240000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 360000 | ലൈഫ് ഭവനപദ്ധതി - എസ് സി (SO42/22) | 360000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 40000 | ലൈഫ് ഭവനപദ്ധതി – ജനറൽ (SO 90/22) | 40000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 249925 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് (33/22) | 249925 | 0 |
| ജില്ലാ | 2021-22 | 74000 | കർഷകർക്ക് | 74000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | പാല്‍ന് ഇന്‍സെന്റീവ് (36/22) | | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 216603 | നെല്‍കൃഷി വികസനം (25/22) | 216603 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 73327 | തോടുകളുടെ പുനരുദ്ധാരണം (137/22) | 73327 | |
| **ആകെ** | | 2213855 | | 2213855 | |

.

## 4-3 നിക്ഷേപപ്രവൃത്തികള്‍ക്ക് നല്കിയ തുകയുടെ വിവരം

| നിര്‍വഹണ ഏജന്‍സി | പ്രവൃത്തിയുടെ പേര് | മുന്‍കൂര്‍ നല്കിയ തുക | വൗച്ചര്‍ നം. നം./ തീയതി | ചെലവഴിച്ച തുക | ചെലവഴിക്കുവാന്‍ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോര്‍ഡ് | തെരുവ് വിളക്ക് മീറ്റേര്‍ഡ് ആക്കി മാറ്റല്‍(102/22) | 89208/- | 252100601/31.03.22 | 0 | 89208/- |
| കേരള ഇലക്ട്രിസിറ്റി ബോര്‍ഡ് | വിവിധ വാര്‍ഡുകളില്‍ സ്ട്രീറ്റ് ലൈന്‍ നീട്ടല്‍ (169/22) | 285349/- | 252100601/31.03.22<br>251630101/31.03/22 | 0 | 285349/- |
| കേരള വാട്ടര്‍ | 7-ാം വാര്‍ഡില്‍ | 300000/- | 410400103/31.03.22 | 0 | 300000/- |

| | | | | | |
|---|---|---|---|---|---|
| അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ (92/22) | | | | |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (168/22) | 442000/- | 230500602/31.03.22 | 0 | 442000/- |
| കേരള വാട്ടർ അതോറിറ്റി | കുന്നുംപുറം ലക്ഷംവീട് കുടിവെള്ള പദ്ധതി പൂർത്തീകരണം (171/22) | 30000/- | 410400103/31.03.22 | 0 | 30000/- |
| കേരള വാട്ടർ അതോറിറ്റി | കാക്കാലംപാറ കുടിവെള്ള പദ്ധതിയിൽ നിന്നും പി.എച്ച്.സിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ (172/22) | 80000/- | 410400104/31.03.22 | 0 | 80000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2060000/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ | ഉത്തരവ് | വായ്പ | വർഷാരം | തൻവർഷം | തൻ | വർഷാവ |
|---|---|---|---|---|---|---|

| യുടെ പേര്/ ഉദ്ദേശ്യം | നമ്പർ/ തിയ്യതി | തുക | ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ലഭിച്ച വായ്പ തുക | വർഷം തിരിച്ചടച്ച തുക | | സ്ഥാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | (1)ജി.ഒ4451/20/ ധനം03.03.2020 (2)ജി.ഒ.43/20/ ധനം/01.01.2021 | 4000000 | 2673089 | 2060000 | 1364000 | 0 | 3369089 |

തൻവർഷം തിരിച്ചടച്ച 1364000/- രൂപ 199/22, 203/22, 212/22, 213/22, 205/22 എന്നീ ജി.ഒ. പ്രോജക്ടുകൾ മുഖേനയാണ് തിരിച്ചടച്ചത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് റിപ്പോർട്ട് | സമാഹൃത റിപ്പോർട്ട് | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|

| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | | 14-15 രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | പരാമർശത്തിലെ 6 സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി. കൊശമറ്റം ഫിനാൻസ് ഒഴികെ എല്ലാ സ്ഥാപന ങ്ങളും തൊഴിൽ നികുതി അടച്ചിട്ടുണ്ട്. |
| | 2-2 | | | ഇൻഡോർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 14-15 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയില്ല | തൊഴിൽ നികുതി 01.01.2018 ലെ 117010102162 -ം രസീത് പ്രകാരം അടവാക്കിയിട്ടുണ്ട് |

## <u>4-9 ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം</u>

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56400156.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56937602.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 43860.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1528010.00 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|---|

| | | | |
|---|---|---|---|
| | | | ഉദ്യോഗപ്പേരും |
| 3-1 | | 7860/- | ശ്രീ എൽദോസ് എബ്രഹാം കൃഷി ഓഫീസർ |
| 3-2 | | 36000/- | ശ്രീമതി.ഷീന ജോസഫ്, വെറ്റേറിനറി സർജൻ |
| ആകെ | | 43860/- | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-18 | 322677 | ശ്രീ.ബി.സുധീർ സെക്രട്ടറി | ജീവാലയം , തൃക്കളത്തൂർ മൂവാറ്റുപുഴ |
| 1-19 | 85000 | ശ്രീ.ബി.സുധീർ സെക്രട്ടറി | ജീവാലയം , തൃക്കളത്തൂർ മൂവാറ്റുപുഴ |
| 1-32 | 1120333 | ശ്രീമതി.അനിമോൾ.കെ സെക്രട്ടറി | ശിവശൈലം, പാഴൂർ.പി.ഒ പിറവം |
| ആകെ | 1528010 | | |

<u>(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീ.എൽദോസ് എബ്രഹാം കൃഷി ഓഫീസർ | ഇലഞ്ഞി ഗ്രാമ പഞ്ചായത്ത് കൃഷി ഓഫീസർ | ആറ്റടികുന്നേൽ, കരിമ്പന.പി.ഒ കൂത്താട്ടുകുളം |
| 2 | ശ്രീമതി.ഷീന ജോസഫ് | മാറാടി ഗ്രാമ പഞ്ചായത്ത് വെറ്ററിനരി സർജൻ | മാടപ്പിള്ളിക്കുന്നേൽ കിഴക്കേകേകര, മുവാറ്റുപുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ-ഇ.കെ.എം. (പി.14) 722(iii) / 2018/6.7.18 | 9 |
| 1999-00 | കെ.എസ്.എ- | 10 |

| | | |
|---|---|---|
| | ഇ.കെ.എം. (പി.8(4)/691 /15 / 5.10.15 | |
| 2000-01 | എൽ.എഫ്.ഇ. (പി.5)1084/05/2.3.06 | |
| 2001-02 | എൽ.എഫ്.ഇ. (പി.5)1285/03/5.7.04 | |
| 2001-02 | എൽ.എഫ്.ഇ. (പി.5)1303/06/6.10.06 | |
| 2001-02 | എൽ.എഫ്.ഇ.(പി.5)/09/ 15.7.09 | |
| 2002-03 | എൽ.എഫ്.ഇ. (പി.5)1304/06/6.10.06 | |
| 2002-03 | എൽ.എഫ്.ഇ.(പി.5)/09/ 15.7.09/4.11.09 | |
| 2003-04 | എൽ.എഫ്.ഇ. (പി.5)10/09/ 16.7.09/12.3.10 | |
| 2006-07 | എൽ.എഫ്.ഇ (പി.5)1774/10/3.5.12/ 5.6.12 | 8 |
| 2007-08 | കെ.എസ്.എ-ഇ.കെ.എം. (പി.14) 722(vi) / 2018/6.7.18 | 6 |
| 2008-09 & 2009-10 | കെ.എസ്.എ-ഇ.കെ.എം. (പി.14) 722(vii) /2018 / 6.7.18 | 2 |
| 2010-11 & 2011-12 | കെ.എസ്.എ-ഇ.കെ.എം. (പി.14) 722(viii) /2018/ 6.7.18 | 6 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം. (പി.14) | 8 |

| | | |
|---|---|---|
| | 722(ix) / 2018/6.7.18 | |
| 2013-14 | കെ.എസ്.എ-ഇ.കെ.എം. (പി.14) 722(x) / 2018/6.7.18 | 9 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം. (പി.14) 722(xi) / 2018/6.7.18 | 3 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം. (പി.14) 722(xii) /2018/ 6.7.18 | 3 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം. (പി.14) 2209/17/ 07.05.18 | 7 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം. (പി.14) 2317/18/ 10.6.19 | 7 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം. (പി.14) 125/2020/ 15.02.2020 | |
| 2019-20 | കെ.എസ്.എ-ഇ.കെ.എം. (പി.14) 992/21/ 13.09.21 | 7 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം. (പി.14) 993/21/13.09.21 | 9 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവിശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്